# ഭൂമി ഏറ്റെടുക്കൽ

## സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം



## മുടവൻമുഗൾ പാലം നിർമ്മാണം

### തിരുവനന്തപുരം ജില്ല

## കരട് റിപ്പോർട്ട്

സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽസ്റ്റഡീസ്,
പാങ്ങോട്,തിരുമല പി.ഒ,തിരുവനന്തപുരം,06.

## *പദ്ധതി*

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിലെ മുടവൻമുഗളിൽ കരമന നദിക്ക് കുറുകെ പാലത്തിന്റെ നിർമ്മാണം

## *അർത്ഥനാധികാരി*

എക്സിക്യൂട്ടീവ് എൻജിനിയർ, PWD, Bridges Division, തിരുവനന്തപുരം

## *ഭരണാനുമതി*

തിരുവനന്തപുരം ജില്ലാകളക്ടറുടെ 13/08/2021 ലെ കെ.4–230350/2019–ാം നമ്പർ ഉത്തരവ്.

## *വിജ്ഞാപന പ്രസിദ്ധീകരണം*

20/10/2021–തീയതിയിലെ 3040–ാം നമ്പർ കേരള അസാധാരണ ഗസറ്റ്

## *സാമൂഹിക പ്രത്യാഘാതഅവലോകന യൂണിറ്റ്*

**സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ്**
റ്റി.സി. 39/457, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം– 695006
ഇമെയിൽ:classtvpm@gmail.com വെബ്സൈറ്റ്:www.classtvpm.in
ഫോൺ നമ്പർ :9446029769

# കുറിപ്പ്

തിരുവനന്തപുരം ജില്ലാകളക്ടറുടെ 13/08/2021 ലെ കെ.4–230350 /2019–ാം നമ്പർ ഉത്തരവ് പ്രകാരം 3040–ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധികരിച്ചിരുന്ന സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് സാമൂഹിക പ്രത്യാഘാത പഠനം ഏറ്റെടുത്തിരുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പഠന സംഘം അവലംബിച്ചിരുന്നു. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുമായി ബന്ധമുള്ള തൽപ്പര കക്ഷികളുമായും അധികാര സ്ഥാനങ്ങളുമായും ആശയ വിനിമയം നടത്തി ആവശ്യമായ വിവരങ്ങൾ പഠന സംഘം ശേഖരിച്ചു. നിയമം/ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി പ്രസ്തുത വിവരങ്ങളെ വിശകലനം ചെയ്തു കൊണ്ടാണ് പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. പദ്ധതി പ്രദേശം സന്ദർശിച്ച വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നതും തൽപ്പര കക്ഷികളുടെ പ്രതികരണങ്ങളിൽ നിന്ന് ലഭ്യമായിട്ടുള്ളതുമായ സ്ഥിതി വിവരകണക്കാണ് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാനമായും അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്.

കരട് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ/അഭിപ്രയങ്ങൾ/ശിപാർശകൾ എന്നിവ സംബന്ധിച്ച് തൽപ്പര കക്ഷികൾക്കുള്ള ആവലാതികൾ/ആക്ഷേപങ്ങൾ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുന്നതിനായി തൽപ്പര കക്ഷികളേയും ബന്ധപ്പെട്ട അധികാരികളേയും ഉൾപ്പെടുത്തികൊണ്ട് ഒരു പൊതു ചർച്ച സംഘടിപ്പിക്കുന്നതാണ്. കരട് റിപ്പോർട്ട് പഠനയൂണിറ്റിൻെറ വെബ് സൈറ്റ് *www.classtvpm.in* - ലും ബന്ധപ്പെട്ട ഓഫിസുകളിലും നിയമപ്രകാരം പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

തിരുവനന്തപുരം

09/12/2021

ഡയറക്ടർ

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 .നിർവ്വഹണ സംഗ്രഹം | 1.1 പദ്ധതിയും പൊതുആവശ്യകതയും | 9 |
| | 1.2 പദ്ധതിയുടെ സ്ഥാനം | 10 |
| | 1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വലിപ്പവും സവിശേഷതകളും | 11 |
| | 1.4 പരിഗണിച്ച ഇതര മാർഗ്ഗങ്ങൾ | 12 |
| | 1.5 സാമൂഹിക പ്രത്യാഘാതങ്ങൾ | 13 |
| | 1.6 ലഘൂകരണ നടപടികൾ | 13 |
| 2. വിശദമായ പദ്ധതി വിവരണം | 2.1 ഡെവലപ്പറുടെ പശ്ചാത്തലവും, ഭരണ/ മാനേജമെന്റ് ഘടനയും ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം | 18 |
| | 2.2 നിയമത്തിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആ വശ്യത്തിനുള്ള മാനദണ്ഡങ്ങളുമായി എപ്രകാരം യോജിക്കുന്നുവെന്നത് ഉൾപ്പെടെയുള്ള പദ്ധതിയു ടെ യുക്തി | 18 |
| | 2.3 പദ്ധതി വലിപ്പം, സ്ഥാനം, ശേഷി, ഉല്പന്നം, ഉല്പാ ദനലക്ഷ്യങ്ങൾ, ചെലവ്, അപകട സാധ്യതകൾ സംബന്ധിച്ച വിവരങ്ങൾ | 18 |
| | 2.4 ഇതര മാർഗ്ഗങ്ങളുടെ പരിശോധന | 18 |
| | 2.5 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ | 18 |
| | 2.6 പ്രധാന രൂപ കല്പന സവിശേഷതകൾ, വലിപ്പം സംബന്ധിച്ച വിവരം | 18 |
| | 2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യ കത | 18 |
| | 2.8 തൊഴിൽ ശക്തി ആവശ്യകത (താൽക്കാലികം/ സ്ഥിരം) | 18 |
| | 2.9 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ/ പരിസര പ്രത്യാഘാത വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിവരവും,സാങ്കേതിക സൗകര്യം സംബന്ധിച്ച വിശ ദാംശങ്ങളും | 18 |
| | 2.10 ബാധകമായ നിയമങ്ങളും നയങ്ങളും | 19 |
| 3. പഠനസംഘം, സമീപനം, രീതി ശാസ് ത്രം, സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ സമയ ക്രമവും ആ സൂത്രണവും | 3.1 പഠന സംഘാംഗങ്ങളുടെ പട്ടിക | 20 |
| | 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തലിനായിവിവ രങ്ങൾ ശേഖരിക്കുന്നതിന് അവലംബിച്ച രീതി ശാസ്ത്രവും യുക്തിയും | 21 |
| | 3.3 പഠന സമ്പ്രദായത്തിലെ മാതൃകാ പരിശോധന | 22 |
| | 3.4 ഉപയോഗപ്പെടുത്തിയിരുന്ന വിവര സ്രോതസ്സുകളെ സംബന്ധിച്ച അവലോകനം | 22 |
| | 3.5 ബന്ധപ്പെട്ട കക്ഷികളുമായുള്ള കൂടിയാലോചന സമ യക്രമവും പൊതു ചർച്ചയുടെ വിശദാംശങ്ങളും | 22 |
| | 4.1 ഭൂപടം, രജിസ്റ്ററുകൾ, പ്രാഥമിക സ്രോതസ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരണം | 24 |

| | | | |
|---|---|---|---|
| | | | 25 |
| 4. ഭൂമി വിലയിരുത്തൽ | 4.2 | പദ്ധതിമുഖേന ആഘാതത്തിൽപ്പെടുന്ന മൊത്തം പ്രദേശം | |
| | 4.3 | പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി | 25 |
| | 4.4 | പദ്ധതി പ്രദേശത്തിന് സമീപം പൊതു ഉപയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം | 25 |
| | 4.5 | നിലവിൽ ഏതെങ്കിലും ഭൂമി വാങ്ങുകയോ അന്യാധീനപ്പെടുത്തുകയോ പാട്ടത്തിന് കൊടുക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ആവശ്യമുള്ള ഓരോ പ്ളോട്ടിന്റെയും നിർദ്ദിഷ്ട ഉപയോഗം | 26 |
| | 4.6 | പദ്ധതിക്കായി ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ അളവും സ്ഥാനവും | 26 |
| | 4.7 | ഭൂമിയുടെ സ്വഭാവവും, നിലവിൽ ഭൂമിയുടെ തരവും ഉപയോഗവും, കൃഷി ഭൂമി ആണെങ്കിൽ ജലസേചന ലഭ്യതയും വിളവെടുപ്പ് രീതിയും | 26 |
| | 4.8 | കൈവശ ഭൂമിയുടെ വലിപ്പം ഉടമസ്ഥാവകാശത്തിന്റെ രീതി, ഭൂമി വിതരണം, താമസ കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ | 27 |
| | 4.9 | ഭൂമിയുടെ വിലകൾ, ഉടമസ്ഥാവകാശത്തിൽ അടുത്ത കാലത്തുണ്ടായ വ്യത്യാസങ്ങൾ അവസാന മൂന്ന് വർഷത്തിൽ ഭൂമിയിന്മേൽ ഉണ്ടായിട്ടുള്ള കൈമാറ്റവും ഉപയോഗവും | 27 |
| 5. ബാധിത കുടുംബങ്ങളുടേയും സ്തികളുടേയുംഎണ്ണവും മതിപ്പ് വിലയും | 5.1 | നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളുടെ വിശദാംശങ്ങൾ | 28 |
| | 5.2 | വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗക്കാരും മറ്റ് വനവാസികളും ഉൾപ്പെടുന്ന കുടുംബങ്ങൾ | 29 |
| | 5.3 | പൊതു വിഭവങ്ങൾ ഉപജീവനമാർഗ്ഗമായി ആശ്രയിച്ചിരുന്നവയിൽ ഭൂമി ഏറ്റെടുക്കുന്നത് മുഖേന അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ23 | 30 |
| | 5.4 | കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പതിച്ച് കിട്ടിയ ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾ | 30 |
| | 5.5 | ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് മൂന്ന് വർഷമോ അതിലധികമോ കാലയളവിൽ നഗര പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ | 30 |
| | 5.6 | മൂന്ന് വർഷമോ അതിലധികമോ കാലയളവിലായി ഏറ്റെടുക്കുന്ന ഭൂമി പ്രാഥമിക ജിവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ | 30 |
| | 5.7 | സ്വന്തം ഭൂമി ഏറ്റെടുക്കുന്നില്ലായെങ്കിലും പദ്ധതിയുടെ പരോക്ഷ ആഘാതം അനുഭവിയ്ക്കേണ്ടി വരുന്ന കുടുംബങ്ങൾ | 31 |
| | | | 31 |
| | 5.8 | ഉൽപാദന സ്വത്തുക്കളുടേയും പ്രധാന ഭൂമിയുടെയും പട്ടിക | |

| | | | |
|---|---|---|---|
| 6. സാമൂഹ്യ- സാമ്പത്തിക -സാംസ്ക്കാരിക രൂപരേഖ | 6.1 | പദ്ധതി പ്രദേശത്തിലെ ജനസംഖ്യാപരമായ വിശദാംശങ്ങൾ | 31 |
| | 6.2 | വരുമാനം - ദാരിദ്ര്യം, നിലവാരവും | 31 |
| | 6.3 | ദുർബ്ബല വിഭാഗങ്ങൾ | 31 |
| | 6.4 | ഭൂവിനിയോഗവും ഉപജീവനവും | 32 |
| | 6.5 | പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ | 32 |
| | 6.6 | പ്രാദേശിക ഉപജീവനത്തിന് കാരണമാകുന്ന ഘടകങ്ങൾ | 32 |
| | 6.7 | രക്തബന്ധക്രമങ്ങളും സാമൂഹിക സാംസ്ക്കാരിക സംഘടനകളും | 32 |
| | 6.8 | ഭരണ സംഘടനകൾ | 32 |
| | 6.9 | രാഷ്ട്രീയ സംഘടനകൾ | 32 |
| | 6.10 | സാമൂദായികാധിഷ്ടിത പൗരസംഘടനകൾ | 32 |
| | 6.11 | പ്രാദേശിക ചലനാത്മകതയും ചരിത്രപരമായ പരിണാമ പ്രക്രിയയും | 32 |
| | 6.12 | ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം | 32 |
| 7. സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി | 7.1 | ലഘൂകരണ സമീപനം | 32 |
| | 7.2 | ആഘാതം ഒഴിവാക്കുന്നതിനോ, ലഘൂകരിക്കുന്നതിനോ, നഷ്ടം നികത്തുന്നതിനോ വേണ്ടിയുള്ള നടപടികൾ | 33 |
| | 7.3 | പുനരധിവാസം, പുന:സ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ | 34 |
| | 7.4 | നിർവ്വഹിക്കുമെന്ന് റിപ്പോർട്ടിൽ തന്നെ അർത്ഥനാധികാരി വ്യക്തമാക്കിയിട്ടുള്ള നടപടികൾ | 36 |
| | 7.5 | സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ വേളയിൽ തിരിച്ചറിഞ്ഞ പദ്ധതി രൂപകല്പനയിലെ മാറ്റങ്ങൾ, വിവിധ ഗ്രൂപ്പുകളിലുടനീളമുള്ള ആഘാതങ്ങളുടെ വ്യാപ്തിയും തീവ്രതയും പരിഹരിക്കുന്നതിന് ആവശ്യമായ അധിക നടപടികൾ | 36 |
| | 7.6 | ഓരോ ലഘൂകരണ തന്ത്രത്തിനും വിശദമായ പ്രവർത്തനങ്ങളും സമയപരിധിയും ഉൾപ്പെടുത്തികൊണ്ടുള്ള ലഘൂകരണ പദ്ധതി | 37 |
| | 7.7 | ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും, നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമല്ലാത്തതാണെന്നും അർത്ഥനാധികാരി സൂചിപ്പിച്ചിട്ടുള്ള നടപടികൾ | 41 |
| 8. സാമൂഹിക പ്രത്യാഘാത പദ്ധതിയും നിർവ്വഹണ സ്ഥാപന ചട്ടക്കൂടും | 8.1 | സ്ഥാപന ഘടനകളുടെ വിവരണവും ഓരോ ലഘുകരണ നടപടികൾക്കും ഉത്തരവാദിത്വമുള്ള വ്യക്തികളും | 42 |
| | 8.2 | സർക്കാർ ഇതര സ്ഥാപനങ്ങളുടേതായ പങ്കാളിത്തം ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം | 43 |
| | 8.3 | ആവശ്യമായ ശേഷിയും, സാങ്കേതിക സഹായം ഉണ്ടെങ്കിൽ അവ സംബന്ധിച്ച സൂചനയും | 43 |
| | | | 43 |

| | | |
|---|---|---|
| | 8.4 ഓരോ പ്രവർത്തനത്തിനും ആവശ്യമായ അനുയോജ്യ സമയക്രമം | |
| 9.സാമൂഹിക പ്രത്യാഘാത നിർവ്വഹണ ബഡ്ജറ്റും ആശ്വാസനടപടിൾക്കുള്ള സ്രോതസ്സും | 9.1 പുനസ്ഥാപന പുനരധിവാസ ചെലവുകൾ | 44 |
| | 9.2 വാർഷിക ബഡ്ജറ്റും പ്രവർത്തന പദ്ധതിയും | 45 |
| | 9.3 ഇനം തിരിച്ചുള്ള സാമ്പത്തിക സ്രോതസ്സ് | 45 |
| 10. സാമൂഹ്യ പ്രത്യാഘാത നിർവ്വണ പദ്ധതി-മേൽനോട്ടവും വിലയിരുത്തലും | 10.1 നീരീക്ഷണവും മൂല്യനിർണ്ണയവും -പ്രധാന സൂചികകൾ | 46 |
| | 10.2 റിപ്പോർട്ടിംഗ് സംവിധാനവും നിരീക്ഷണ കർത്തവ്യങ്ങളും | 47 |
| 11. ഭൂമി ഏറ്റെടുക്കൽ - നേട്ടങ്ങളും കോട്ടങ്ങളും - അപഗ്രഥനവും ശിപാർശയും | 11 പൊതു ആവശ്യകത, കുറഞ്ഞ സ്ഥാന ഭ്യംശമുള്ള ഇതര മാർഗ്ഗം, ഭൂമിയുടെ ഏറ്റവും കുറഞ്ഞ ആവശ്യപ്പെടൽ, സാമൂഹിക പ്രത്യാഘാതത്തിന്റെ തീവ്രത, ആവശ്യമായ നടപടികൾ തുടങ്ങിയവ സംബന്ധിച്ച അന്തിമ സംഗ്രഹം | 47 |
| അനുബന്ധങ്ങൾ | 1. 4(1) വിജ്ഞാപനം | 51 |
| | 2. ബാധിത കുടുംബങ്ങളുടെയും ആസ്തികളേയും സംബന്ധിച്ച വിവരങ്ങൾ | 53 |
| | 3. 29-12-2017 ലെ സ.ഉ(എം.എസ്) 448/2017/ആർ.ഡി. ഉത്തരവ് | 56 |

## അദ്ധ്യായം 1

# നിർവ്വഹണ സംഗ്രഹം

മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിനും പരിമിത വിഭവത്തിനും ഭൂമി എപ്പോഴും നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. ഒരു സാമ്പത്തിക ആസ്തിയെന്ന രീതിയിൽ ഭൂമിയ്ക്ക് പ്രഥമ സ്ഥാനമാണ് നൽകിയിട്ടുള്ളത്. റോഡ്, റെയിൽവേ, ജലസേചനം, വ്യവസായം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപം ഏതൊരു രാജ്യത്തിന്റേയും വികസത്തിന് അതിപ്രധാനമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പ്രാഥമികമായി വേണ്ടത് വലിയ അളവിലുള്ള ഭൂമിയുടെ ലഭ്യതയാണ്. അതിനാൽ ഭൂമി ഏറ്റെടുക്കൽ എന്നത് അടിസ്ഥാന സൗകര്യ വികസനത്തിന്റെ അളവ് കോലായി കാണേണ്ടിവരുകയും ചെയ്യുന്നു.

3.1. <u>പദ്ധതിയും പൊതു ആവശ്യകതയും</u>

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ മുടവൻമുഗൾ ജംഗ്ഷനിൽ നിന്ന് പുന്നയ്ക്കാമുഗളിലേക്ക് പോകുന്ന റോഡിന്റെ വലതുഭാഗത്തായി കരമന നദിക്ക ്കുറകെ ഒരു പാലവും ഇരുകരകളിലുമായി നിലവിലുള്ള റോഡിന്റെ വീതി കൂട്ടലുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം കോർപ്പറേഷൻ സജീകരിച്ചിട്ടുള്ള കടത്ത് തോണിയാണ് നദി മുറിച്ച് കടക്കാൻ നാട്ടുകാർ ഉപയോഗിച്ച്വരുന്നത്. പാപ്പനംകോട് എസ്റ്റേറ്റ ്വഴി വരുന്ന റോഡ് നദിയുടെ ഒരുകരയിലും മുടവൻമുഗൾ പുന്നയ്ക്കാമുഗൾ റോഡിൽ നിന്നുള്ള ഒരുബൈ റോഡ് മറുകരയിലും എത്തി നിൽക്കുന്നുണ്ട്. പൂജപ്പുര, പുന്നയ്ക്കാമുഗൾ, കുന്നപ്പുഴ ഭാഗങ്ങളിൽ നിന്ന് പാപ്പനംകോട് ഭാഗത്തേയ്ക്കും, പാപ്പനംകോട്, ഇൻസ്ട്രിയൽ എസ്റ്റേറ്റ്, മലമേൽകുന്ന് ഭാഗത്തുള്ളവർക്ക് പൂജപ്പുര വഴി ടൗണിലെ വിവിധ ഭാഗങ്ങളിലേയ്ക്കും വളരെയെളുപ്പം എത്തിച്ചേരാൻ നിർദ്ദിഷ്ട പാലം നിർമ്മാണത്തോടുകൂടി സാധിക്കുമെന്നതിനാൽ ടി പ്രദേശവാസികൾ വളരെക്കാലമായി ഉയർത്തിവരുന്ന ഒരു ആവശ്യമാണിതെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ പ്രദേശവാസികൾക്ക് വാഹനങ്ങളിലൂടെ തന്നെ വളരെ എളുപ്പത്തിൽ ടൗണിലെ വിവിധ സ്ഥലങ്ങളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, സർക്കാർഓഫീസുകൾ, ആശുപത്രികൾ, തൊഴിൽശാലകൾ ആരാധനാലയങ്ങൾ തുടങ്ങിയവയിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നത് പ്രധാനപ്പെട്ട ഒരു നേട്ടമായി കാണേണ്ടിവരുന്നു. സമയലാഭം, ഇന്ധനലാഭം, സാമ്പത്തികലാഭം തുടങ്ങി വിവിധങ്ങളായ നേട്ടങ്ങളും വാഹനയാത്രക്കാർക്ക് ഇതുമൂലം ലഭിക്കുമെന്ന് മനസ്സിലാക്കേണ്ടിവരുന്നു. അതിനാൽ പ്രസ്തുത ഭാഗത്തെ നദിക്ക് ഇരുവശത്തുമുള്ള വലിയ ഒരു ജനസമൂഹത്തിന് ഏറെ പ്രയോജനം പ്രദാനം ചെയ്യാൻ പദ്ധതിയ്ക്ക് കഴിയുമെന്നുള്ളതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ശിപാർശ ഒരു പൊതു ആവശ്യത്തിന് വേണ്ടിയാണെന്ന് കാണാൻ കഴിയുന്നുണ്ട്.

ചുരുക്കം വ്യക്തികളുടെ താൽപര്യത്തിന് വിരുദ്ധമായി പൊതുവായിട്ടുള്ളതോ അല്ലെങ്കിൽ വളരെ വലിയ സമൂഹത്തിന്റെ താൽപര്യത്തിലുള്ളതോ ആയ ആവശ്യം/ താൽപര്യത്തെ പൊതു ആവശ്യമായി കാണാവുന്നതാണ്. വിശാലമായ അർത്ഥത്തിൽ

പരിഗണിക്കുമ്പോൾ വലിയ വിഭാഗം സമൂഹത്തിന് ലഭ്യമാകുന്ന ഏതൊരു നേട്ടവും പൊതു ആവശ്യത്തിന്റെ പരിധിയിൽപ്പെടുന്നതായി മാത്രമേ കാണാൻ കഴിയു കയുള്ളു.

### 1.2 പദ്ധതിയുടെ സ്ഥാനം

മുടവൻമുഗൾ–പുന്നയ്ക്കാമുഗൾ റോഡിൽ മുടവൻമുഗൾ ജംഗ്ഷനിൽ നിന്ന് ഉദ്ദേശം 200 മീറ്റർ ചെല്ലുമ്പോൾ വലത്തോട്ട് തിരിയുന്ന സൗത്ത് റോഡ് ഇടത്തോട്ട് തിരിഞ്ഞ് കരമന നദിയുടെ തീരത്ത് അവസാനിക്കുന്നു. അതുപോലെ പാപ്പനംകോട്–ഇൻസ്ട്രിയൽ എസ്റ്റേറ്റ്–മലമേൽക്കുന്ന് റോഡ് പ്രസ്തുത നദിയുടെ എതിർവശത്ത് എത്തി നിൽക്കുന്നു. ഈ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിലാണ് പാലം നിർമ്മിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്. നദിയുടെ ഇരുവശത്തുമുള്ള റോഡുകളെ ഉദ്ദേശം 100 മീറ്റർ നീളത്തിൽ വീതി വർദ്ധിപ്പിക്കാനും പദ്ധതിയിൽ വിഭാവനം ചെയ്തി ട്ടുണ്ട്. നദിയുടെ പടിഞ്ഞാറുഭാഗം തിരുമല വില്ലേജിലും കിഴക്ക് ഭാഗം നേമം വില്ലേ ജിലും ഉൾപ്പെട്ടുവരുന്നു.




### 1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വലിപ്പവും സവിശേഷതകളും

പൊന്നുംവിലയ്ക്കെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണമാണ് വലുപ്പം എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിയ്ക്കായി 0.2832 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്നത്. ഇത് തിരുമല, നേമം എന്നീ വില്ലേജുക ളിലായി ഉൾപ്പെട്ട് വരുന്നവയാണ്.

അർത്ഥനാധികാരിയുടെ ഏറ്റെടുക്കൽ ശുപാർശയിൽ വിവരിച്ചിട്ടുള്ള വില്ലേജ്, സർവ്വെ നമ്പർ, വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| വില്ലേജ് | ബ്ളോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| തിരുമല | 170<br>171 | 67,68<br>20,31,34,110,111,114,115<br>134,137,138,139,140,141<br>142,144,145,148,167,168<br>169,171/1,21,103,143 | |
| നേമം | 26 | 618/1, 2, 4,5 | |
| | | ആകെ | 70 സെന്റ്. |

ഡെവലപ്പർ ഹാജരാക്കിയിട്ടുള്ള അലൈൻമെന്റ് താഴെ ചേർക്കുന്നു.



റവന്യു രേഖകൾ പ്രകാരം ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി പുരയിടം എന്ന ഇനത്തിൽപ്പെട്ടു വരുന്നതായി കാണുന്നു. തിരുമല വില്ലേജിൽപ്പെടു ന്നതും ഏറ്റെടുക്കാൻ ശിപാർശചെയ്തിരിക്കുന്നതുമായ ഭൂവിഭാഗങ്ങൾ പ്രധാന മായും താമസത്തിനായിട്ടാണ് ഉപയോഗിച്ചുവരുന്നത്. സിമന്റ് കച്ചവടം നടത്തുന്ന ഒരുകടയും സ്റ്റേഷനറി കച്ചവടം നടത്തുന്ന ഒരുകടയും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെടുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ വക ഒരു പാർക്കി

ന്റേയും കുറച്ച് ഭാഗവും അലൈൻമെന്റിൽപ്പെടുന്നുണ്ട്. നാല് പാർപ്പിട കെട്ടിടങ്ങൾ, 13 കേസുകളിൽ ചുറ്റുമതിലുകൾ 2 കേസുകളിൽ വീടുകളുടെ മുൻവശത്ത് വരുന്ന സൺഷെയിഡുകൾ, 3 കേസുകളിൽ സെപ്റ്റിക് ടാങ്കുകൾ എന്നിവയും ഭൂമിയെ കൂടാതെ ബാധിക്കപ്പെടുന്നുണ്ട്.

നേമം വില്ലേജിൽപ്പെടുന്നതും ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്നതു മായ ഭൂവിഭാഗങ്ങളിൽ കാര്യമായ/ ഗൗരവമായ നഷ്ടപ്പെടലുകൾ ഭൂവുടമകൾക്ക് ഉണ്ടാകുന്നില്ല. ഇതിൽ ദേവസ്വം വക ഭൂമിയാണ് പ്രധാനമായും ഉൾപ്പെടുന്നത്. ദേവസ്വം ഭൂമി ഉൾപ്പെടെ 4 ഭൂവിഭാഗങ്ങൾ ഇവിടെ ബാധിക്കപ്പെടുന്നുണ്ട്. ചുറ്റുമതി ലുകളും ഏതാനും വൃക്ഷങ്ങളുമാണ് മറ്റ് ആസ്തികളായി അലൈൻമെന്റിൽ ഉൾപ്പെ ടുന്നത്. ശാഖാ റോഡുകൾ, നടപ്പാതകൾ തുടങ്ങിയവയും ഭാഗികമായി പദ്ധതി പ്രദേ ശത്ത് ഉൾപ്പെട്ട് വരുന്നുണ്ട്. പൊതു സ്ഥലങ്ങൾ ഒഴികെ വരുന്ന സ്വകാര്യ ഭൂമിയിൽ മാത്രമാണ് പൊന്നുംവില നടപടികൾ ആവശ്യമായി വരുന്നത്. ഏറ്റെടുക്കേണ്ടുന്ന ഭൂമിയിൽ സർക്കാർ സ്ഥാപനങ്ങളോ, ആരാധാലയങ്ങളോ, ശ്മശാനമോ നില നിൽക്കുന്നില്ല.





## 1.4 പരിഗണിച്ച ഇതരമാർഗ്ഗങ്ങൾ

കരമന നദിയുടെ ഇരുവശത്തും എത്തി നിൽക്കുന്ന നിലവിലെ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പാലം നിർമ്മിക്കാൻ തീരുമാനിച്ചരിക്കുന്നത്. അതു കൊണ്ട് തന്നെ താരതമ്യേന കുറഞ്ഞ ആഘാതം സൃഷ്ടിക്കുന്ന തരത്തിൽ

ഇതരസ്ഥലങ്ങൾ/ പ്രദേശങ്ങൾ പരിഗണിക്കുകയെന്ന സംഗതിയ്ക്ക് പ്രസക്തിയുള്ള തായി തോന്നുന്നില്ല. പാലത്തിന്റെ നിർമ്മാണത്തോടൊപ്പം തന്നെ ഇരുകരക ളിലുംഎത്തി നിൽക്കുന്ന നിലവിലെ റോഡ് ഭാഗങ്ങളുടെ വീതിയും പാലത്തിനനുസൃ തമായി കൂട്ടുകയെന്നത് സാങ്കേതികമായ അർത്ഥത്തിൽ ഒഴിവാക്കാൻ കഴിയാത്തതാ ണ്. റോഡിന്റെ വീതികൂട്ടുന്നതിന് ഇരുവശത്ത് നിന്നുമുള്ള ഭൂമിയേറ്റെക്കൽ മാത്ര മാണ് പരിഗണിയ്ക്കാൻ സാധിക്കുമെന്നതിനാൽ ഈ കേസിലും ഇതര സ്ഥലങ്ങളുടെ ലഭ്യത സംബന്ധിച്ച പരിശോധനക്ക് കാര്യമായ പ്രസക്തിയില്ല. നിലവിലെ അലൈൻമെന്റ് പ്രകാരം താമസകെട്ടിടങ്ങളുടെ ചുറ്റുമതിലിനെയാണ് പ്രധാനമായും ബാധിക്കുന്നതായി കാണുന്നത്. രണ്ട് കെട്ടിടങ്ങളുടെ സൺഷൈഡുകൾ, ഷീറ്റിട്ടതും ഓടുമേഞ്ഞതുമായ രണ്ട് പാർപ്പിടകെട്ടിടങ്ങൾ, രണ്ട് കച്ചവടസ്ഥാപനങ്ങൾ എന്നി വയെ ഭാഗികമായി നിർദ്ദിഷ്ട ഏറ്റെടുക്കൽ ബാധിക്കുന്നതായി കാണുന്നു.

സമീപ പ്രദേശം പരിശോധിച്ചതിൽ പദ്ധതിയുടെ ഉദ്ദേശം ലഭിക്കുന്ന തരത്തിൽ പാലത്തിനും അപ്രോച്ച് റോഡിനും അനുയോജ്യമായ മറ്റ് സ്ഥലം ലഭ്യമല്ലായെന്നാണ് ഡെവലപ്പർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അന്വേഷണം നടത്തിയതിൽ പദ്ധതിയുടെ ഉദ്ദേശം സാക്ഷാത്കരിക്കാവുന്ന ഇതര മാർഗ്ഗം സമീപ പ്രദേശങ്ങളിൽ നിലവിലില്ലാ യെന്നാണ് പഠന സംഘത്തിനും ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

### 1.5 സാമൂഹിക പ്രത്യാഘാതങ്ങൾ

ഒരുപ്രവർത്തനത്തിന്റേയോ, പദ്ധതിയുടേയോ, നയത്തിന്റെയോ ഫലമായി ഒരു ജനവിഭാഗത്തിലോ, സമൂഹത്തിലോ സംഭവിക്കുന്ന സ്വാധീനത്തേയാണ് സാമൂഹിക ആഘാതം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഒരു പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതു മുഖേന ബാധിത സമൂഹത്തിന് ഭൂമി നഷ്ടപ്പെടുന്നതിനു പുറമേ കുറെയെങ്കിലും ഭൂരഹിത/ഭവന രഹിത കുടുംബങ്ങളെ സൃഷ്ടിക്കുന്നതിനും കാരണമാകാറുണ്ട്. ഇത്തരത്തിലുള്ള ആഘാതത്തിന്റെ സ്വഭാവവും വ്യാപ്തിയും സമൂഹത്തിലെ വിവിധ ഗ്രൂപ്പുകളിൽ വ്യത്യാസപ്പെടുകയും ചെയ്യാറുണ്ട്.ഭൂമി ഏറ്റെടുത്ത് കൊണ്ട് നടപ്പിലാക്കുന്ന ഓരോ പദ്ധതിയും ജനസമൂഹത്തിന് ഏറിയ കൂറും ഗുണപരവും എന്നാൽ മറ്റൊരു ചെറിയ വിഭാഗത്തിന് പ്രതികൂലവുമായ ഫലങ്ങൾ ഉണ്ടാക്കാറുണ്ട്. ഭൂമിയേറ്റെടുക്കൽ പലപ്പോഴും ബാധിത ജനതയുടെ ഉപജീവനത്തേയും കൂടി പ്രതികൂലമായി ബാധിക്കുന്നുവെന്നത് ഗൗരവമുള്ള വിഷയമായി കാണേണ്ടി വരുകയും ചെയ്യുന്നു.

23 വ്യക്തികളുടെ/ കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള ഭൂമി യാണ് നിർദ്ദിഷ്ട പദ്ധതിക്ക് ആവശ്യമായിവരുന്നത്. ഭൂമിയോടൊപ്പം തന്നെ മറ്റ് ആസ്തികളും ബാധിയ്ക്കപ്പെടുന്നുണ്ട്. പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായി മാത്രമേ ബാധിക്കുന്നുള്ളുവെങ്കിലും ഓട് മേഞ്ഞ ഒരു കെട്ടിടവും, ഷീറ്റിട്ട മറ്റൊരു കെട്ടിട ത്തിന്റെയും കേസുകളിൽ അവശേഷിക്കുന്ന ഭാഗം നിലനിറുത്തി തുടർന്നും ഉപയോ ഗപ്പെടുത്താൻ തക്ക അവസ്ഥയിലാണെന്ന് കാണാൻ കഴിയുന്നില്ല. മറ്റ് 2 വീടുകളുടെ കേസുകളിൽ ചുറ്റുമതിലും സൺഷെയിഡും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെ

ടുന്നുണ്ട്. രണ്ട് കച്ചവടസ്ഥാപനങ്ങളെ ഭാഗികമായി ബാധിക്കുന്നുണ്ട്. അവശേഷിക്കുന്ന ഭാഗത്ത് പരിമിതമായ സൗകര്യത്തോടെ കച്ചവടം സാധ്യക്കുമെങ്കിലും, കച്ചവടത്തെ ദോഷകരമായി ബാധിയ്ക്കാമെന്നും നിരിക്ഷിക്കേണ്ടിവരുകയും ചെയ്യുന്നു.

11 കേസുകളിൽ പാർപ്പിട കെട്ടിടകളുടെ മുൻവശത്തുള്ള ചുറ്റ്മതിൽ ഭാഗികമായി പൊളിയ്ക്കേണ്ടി വരുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ വക പാർക്കിന്റെ 30% ഓളം പൊളിച്ച് നീക്കേണ്ടതായി വരുന്നതാണ്. മൂന്ന് പാർപ്പിടകെട്ടിടങ്ങളുടെ സെപ്റ്റിക് ടാങ്ക് സ്ഥിതിചെയ്യുന്ന ഭാഗം അലൈൻമെന്റനകത്ത് വരുന്നുണ്ട്. എന്നാൽ പ്രസ്തുത കേസുകളിൽ സെപ്റ്റിക് ടാങ്ക് മാറ്റിസ്ഥാപിയ്ക്കാൻ തക്ക ഭൂമി കൈവശത്തിലില്ലായെന്ന ഗൗരവമായ സംഗതിയും നിലനിൽക്കുന്നുണ്ട്. ബാധിത ആസ്തികളുടെ സംഗ്രഹം താഴെ വിവരിക്കുന്നു.

| ക്രമ നമ്പർ | ആസ്തികളുടെ സ്വഭാവം | എണ്ണം |
|---|---|---|
| 1 | പാർപ്പിടകെട്ടിടങ്ങൾ | 2 |
| 2 | പാരപ്പിടകെട്ടിടം, സ്റ്റേഷനറി കട, ചുറ്റുമതിൽ | 1 |
| 3 | പാർപ്പിടകെട്ടിടം, ചുറ്റമതിൽ | 1 |
| 4 | പാർപ്പിടകെട്ടിടത്തിന്റെ സൺഷെയിഡ്, ചുറ്റമതിൽ | 2 |
| 5 | ചുറ്റമതിൽ | 10 |
| **6** | **ചുറ്റമതിൽ, സെപ്റ്റിക് ടാങ്ക്** | **3** |
| **7** | **ചുറ്റമതിൽ, ശുചിമുറി** | **1** |
| 7 | സിമന്റ് കട | 1 |
| 8 | കോർപ്പറേഷൻ വക പാർക്ക് | 1 |

## 1.6 ലഘൂകരണ നടപടികൾ

വികസനത്തിനുള്ള ഭൂമിയേറ്റെടുക്കൽ  സാധരണയായി സൃഷ്ടിക്കുന്ന വാസസ്ഥലം, തൊഴിൽ സ്ഥലം എന്നിവയിൽ നിന്നുള്ള  സ്ഥാനഭ്രംശം വക്തികൾക്ക് മാത്രമല്ല, പൊതു സമൂഹത്തിനും വലിയ ഭീഷണിയാണ്. ഇത് കുടുംബങ്ങൾ, ഗോത്രങ്ങൾ,

ഗ്രാമീണ സമൂഹങ്ങൾ തുടങ്ങിയ സമൂഹ ഘടനയേയും ബാധിക്കാറുണ്ട്. കുടിയൊഴിപ്പിയ്ക്കപ്പെടുന്ന വ്യക്തികളെ അവരുടെ പാർപ്പിടം, സ്ഥാപനങ്ങൾ, തൊഴിൽ ശാലകൾ എന്നിവയിൽ നിന്ന് മാറാൻ നിർബന്ധിയ്ക്കപ്പെടുന്നതിനാൽ ഇത് മുഴുവൻ സമുഹങ്ങളുടേയും സമന്വയത്തിനുള്ള വലിയ ഒരു ഭീഷണിയായിട്ടെ കാണാൻ കഴിയുകയുള്ളു. നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ രണ്ട് വ്യക്തികളെ/ കുടുംബങ്ങളെ കാലപ്പഴക്കം ചെന്ന അവരുടെ വീടുകളിൽ നിന്ന് കുടിയൊഴിപ്പിക്കുന്നതരത്തിൽ ദോഷകരമായി ബാധിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇപ്രകാരം പദ്ധതി പ്രദേശത്ത് സാമൂഹിക പ്രത്യാഘാതം സൃഷ്ടിയ്ക്കപ്പെടുന്നതിനാൽ ദൂരീകരണ/ ലഘൂകരണ നടപടികൾക്ക് പ്രസക്തിയുണ്ടെന്നാണ് പഠന സംഘത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ഭൂമിയ്ക്കും കെട്ടിടത്തിനും ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാണ് ഭൂവുടമകൾ പ്രധാനമായും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിന്, 2013 ലെ നിയമത്തിൽ 26 മുതൽ 30 വരെയുള്ള വകുപ്പുകളിൽ നടപടി ക്രമങ്ങൾ നിർദ്ദേശിക്കന്നുണ്ട്.ഭൂമിയുടെ കമ്പോളവിലയും, ഗ്രാമ പ്രദേശമാണെങ്കിൽ, നഗരപ്രദേശത്ത് നിന്ന് ഇതിലേക്കുള്ള ദൂരത്തെ അടിസ്ഥാനപ്പെടുത്തി 1 മുതൽ 2 വരെയുള്ള ഘടകം കൊണ്ട് കമ്പോളവിലയെ ഗുണിച്ച് കിട്ടുന്ന തുകയും, ഭൂമിയിലുള്ള ആസ്തികളുടെ വിലയും ചേരുമ്പോൾ ലഭിക്കുന്ന നഷ്ടപരിഹാരവും, അതിന്റെ 100 ശതമാനം തുക സൊലേഷ്യമായും ചേർത്ത് കിട്ടുന്ന ആകെ തുകയാണ് അവാർഡ് തുകയെന്ന രീതിയിൽ ഭൂവുടമകൾക്ക് നിയമപ്രകാരം ലഭിക്കുന്നത്. ഇതിനു വേണ്ടി ആദ്യപടിയായി ഭൂമിയുടെ കമ്പോള വില തിട്ടപ്പെടുത്തുന്നു. ഇതിന് മൂന്ന് മാർഗ്ഗങ്ങൾ നിയമങ്ങളിൽ പ്രതിപാദിക്കുകയും, അവയിൽ കുടുതൽ വില ലഭ്യമാക്കാനുള്ള മാർഗ്ഗം സ്വീകരിയ്ക്കാമെന്നും നിർദ്ദേശിക്കുന്നുണ്ട്.

സാധാരണയായി സമീപപ്രദേശങ്ങളിലെ സമാനരീതിയിലുള്ള ഭൂമികളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളിലോ, വില്പന കരാറുകളിലോ സൂചിപ്പിച്ചിട്ടുള്ള വില്പന വിലയുടെ ശരാശരിയാണ് കമ്പോള വിലയായി പരിഗണിക്കുന്നത്. എന്നാൽ ഈ നടപടികളിൽ പ്രധാനമായും താഴെ വിവരിക്കുന്ന തരം ചില ആക്ഷേപങ്ങൾ ഭൂവുടമകൾക്കിടയിൽ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെടുന്നുണ്ട്.

1. പ്രദേശത്ത് നിലവിലുള്ള ഭൂമിവിലയെക്കാൾ കുറഞ്ഞ തുകയാണ് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിലും വില്പന കരാറുകളിലും സാധാരണയായി സൂചിപ്പിയ്ക്കാറുള്ളത്.
2. സർക്കാർ നിശ്ചിയിച്ചിട്ടുള്ള ന്യായവില പോലും പലപ്പോഴും യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.
3. പ്രദേശത്ത് നിലനിൽക്കുന്ന മാർക്കറ്റ് വില സൂചിപ്പിച്ചിട്ടുള്ള വിലയാധാരങ്ങൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ പോലും സാങ്കേതിക കാരണങ്ങാൽ ആവ തഴയപ്പെടുന്നു.
4. ഭൂമിയോട് ചേർന്നുള്ള കെട്ടിടങ്ങൾ, മറ്റ് ചമയങ്ങൾ, ദേഹണ്ഡങ്ങൾ

എന്നിവയക്കും ന്യായമായ വില തിട്ടപ്പെടുത്തി ലഭ്യമാക്കുന്നില്ല.

5. ഏറ്റെടുക്കുന്ന ഭൂമിയും മറ്റ് ആസ്തികളുമായി ഉടമയ്ക്കുള്ള വൈകാരിക ബന്ധം പലപ്പോഴും പരിഗണിക്കുന്നില്ല.

ഇക്കാര്യത്തിൽ നിയമം ഉദ്ദേശിക്കുന്ന രീതിയിൽ, കുടിയൊഴിപ്പിക്കപ്പെടുന്നതും അല്ലാത്തതുമായ ഭൂവുടമകൾക്ക് നിയമം അനുശാസിക്കുന്ന തരത്തിൽ ന്യായമായതും സ്വീകാര്യവുമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കേണ്ടതായിട്ടുള്ളതെന്നാണ് പഠന സംഘത്തിന് അഭിപ്രായപ്പെടനുള്ളത്. കൂടാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ഭാഗത്ത്നിന്ന് വിഷയത്തെ സമീപിക്കുകയും അവരെ കൂടെ വിശ്വസത്തിലെടുത്ത് കൊണ്ടുള്ള നടപടികൾ കൈ ക്കൊള്ളുകയും ചെയ്താൽ തന്നെ ആഘാതങ്ങൾക്ക്/വ്യാകുലതകൾക്ക് ഒരു പരിധിവരെ ആശ്വസം ലഭിക്കുമെന്ന് തിരിച്ചറിയേണ്ടതുണ്ട്.

**<u>നിയമത്തിൽ/ നയതീരുമാനത്തിലെ പ്രധാന ആശ്വാസനടപടികൾ</u>**

2013 ലെ നിയമത്തിൽ, വകുപ്പ് 31 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് (ഭൂവുടമകൾക്കും, ഏറ്റെടുക്കുന്ന ഭൂമിയെ പ്രാഥമിക ഉപജിവനത്തിനായി ആശ്രയിക്കുന്ന കുടുംബങ്ങളും ഉൾപ്പെടെ) പുനരധിവാസ - പുനഃസ്ഥാപന അവകാശം ലഭിക്കുന്നുണ്ട്. ഇതനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിന് (അവാർഡ് തുക) പുറമേ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് രണ്ടാം പട്ടികയായി നിയമത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ആനുകൂല്യങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ നയരൂപീകരണവും നടത്തിയിട്ടുണ്ട്. 29–12–2017 ലെ സ.ഉ. (എം.എസ്) 448/2017/റവ പ്രകാരമുള്ള പ്രസ്തുത പാക്കേജിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ വിവരിക്കുന്നവയാണ്.

1. കുടിയൊഴിപ്പിക്കുന്ന കേസുകളിൽ ഗ്രാമ പ്രദേശത്തിലെ വീടാണ് നഷ്ടപ്പെടുന്നതെങ്കിൽ ഇന്ദിരാ ആവാസ് യോജനയുടെ വ്യവസ്ഥകളനുസരിച്ച് നിർമ്മിച്ചിട്ടുള്ള ഒരു വീട് നൽകുന്നതാണ്. പട്ടണ പ്രദേശത്തുള്ള വീടാണ് നഷ്ടപ്പെടുന്നതെങ്കിൽ 50 ചതുരശ്ര മീറ്റർ കുറയാത്ത തറ വിസ്തീർണ്ണമുള്ള വീടാണ് നൽകുന്നത്.

2. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തൊട്ട് മുമ്പ് മൂന്ന് വർഷക്കാലമായി ബാധിത പ്രദേശത്ത് തുടർച്ചയായി താമസിച്ച് വരുന്നതും എന്നാൽ സ്വന്തമായി വീടും പറമ്പും ഇല്ലാത്തതുമായ കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്കും ടി ആനുകുല്യം ലഭിക്കുന്നതാണ്.

3. മുകളിൽ വിവരിച്ച തരം ഗുണഭോക്താക്കൾ വീട് തെരഞ്ഞെടുക്കാത്ത പക്ഷം ഗ്രാമപ്രദേശം, പട്ടണപ്രദേശം എന്ന വ്യത്യാസമില്ലാതെ ഒറ്റത്തവണ സാമ്പത്തിക സഹായമായി മൂന്ന് ലക്ഷം രൂപ നൽകുന്നതാണ്.

4. തൊഴിൽ ഉറപ്പു വരുത്തേണ്ട സാഹചര്യങ്ങളിൽ, നടപ്പിലാക്കുന്ന പദ്ധതി മൂഖേന തൊഴിൽ സൃഷ്ടിക്കപ്പെടുകയാണെങ്കിൽ ബാധിക്കപ്പെടുന്ന കുടുംബത്തിലെ കുറഞ്ഞത് ഒരംഗത്തിനെങ്കിലും ആവശ്യമായ തൊഴിൽ പരിശീലനം നൽകിയ ശേഷം പദ്ധതിയിലോ മറ്റേതെങ്കിലും പ്രോജക്ടിലോ ജോലി നൽകുന്നതിന് വ്യവസ്ഥ ചെയ്യുകയോ, അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപ ഒറ്റത്തവണയായി നൽകുകയോ അല്ലെങ്കിൽ പ്രതിമാസം 3000/- രൂപയിൽ കുറയാതെ ലഭിക്കുന്ന വിധത്തിൽ 20 വർഷത്തേക്കുള്ള ആന്യൂറ്റി പോളിസികൾ നൽകുകയോ ചെയ്യുന്നതാണ്.

5. ഏറ്റെടുക്കുന്ന ഭൂമിയിൽ നിന്ന് കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഒരു വർഷത്തേക്ക് അവാർഡ് തീയതി മുതൽ മാസന്തോറും 5000/- രൂപ ഉപ ജീവന ഗ്രാന്റായി നൽകുന്നതാണ്.

6. കൂടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് താമസം മാറുന്നതിനും വസ്തു വകകൾ മാറ്റുന്നതിനുമായി 50,000/-രൂപയുടെ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നതാണ്.

7. കന്നുകാലികളോ ചെറുപീടികകളോ ഉള്ള ബാധിക്കപ്പെട്ട ഓരോ കുടുംബത്തിനും കന്നു കാലി ഷെഡ്/പീടിക എന്നിവ പുനഃസ്ഥാപിക്കുന്നതിനായി 50,000/-രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നതാണ്.

8. കുടിയിറക്കപ്പെട്ടുന്ന ഓരോ കുടുംബത്തിനും പുനഃസ്ഥാപന അലവൻസായി 50,000/- രൂപ ഒറ്റത്തവണ നൽകുന്നതാണ്.

9. കമ്പനികൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, 2000/-ചതുരശ്ര അടിയിൽ കുടു തൽ തറ വിസ്തീർണ്ണം വരുന്ന വലിയ ഷോപ്പുകൾ ഒഴികെയുള്ള ബാധിത പ്രദേശത്തെ കുടിയിറക്കപ്പെടുന്ന വാടക വാണിജ്യക്കാർക്ക് 2 ലക്ഷം രൂപയുടെ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നതാണ്.

10. ബാധിക്കപ്പെടുന്ന പ്രദേശത്ത് നിന്ന് കുടിയിറക്കപ്പെടുന്ന വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉപജീവനം നഷ്ടപ്പെടുന്നതിനാൽ, വ്യവസ്ഥ കൾക്ക് വിധേയമായി ആറ് മാസക്കാലയളവിലേക്ക് 6,000/-രൂപ പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നതാണ്.

11. ബാധിക്കപ്പെടുന്ന പ്രദേശത്ത് വാടകക്ക് താമസിച്ചു വരുന്ന കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പുതിയ താമസ സ്ഥലം കണ്ടെത്തി താമസം മാറുന്നതിനായി 30,000/-രൂപയുടെ ഒറ്റത്തവണ നസഹായംനൽകുന്നതാണ്.

കുടിയിറക്കപ്പെടേണ്ടി വരുന്ന സാഹചര്യത്തിൽ, പ്രസ്തുത ജനവിഭാഗത്തെ മുഴുവനായും ഒരു പ്രദേശത്ത് തന്നെ പുനസ്ഥാപിച്ച് കൊണ്ടുള്ള പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കുകയും നിയമത്തിലെ മൂന്നാം പട്ടികയായി വിവരിച്ചിട്ടുള്ള അടിസ്ഥാന സേവന സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തുകയും ചെയ്തു കൊണ്ട് നാടിന്റെ വികസനത്തിന് വേണ്ടി സ്വന്തം ഭൂമി, കിടപ്പാടം, തൊഴിൽ സംരംഭം തുടങ്ങി എല്ലാം നഷ്ടപ്പെടുത്തുന്ന കുടുംബങ്ങൾക്ക് ആശ്വാസം നൽകാൻ ബന്ധ പ്പെട്ട അധികാരികൾക്ക് കഴിയേണ്ടതുണ്ട്/ ഉത്തരവാദിത്വമുണ്ട്.

.

അദ്ധ്യായം 2

# പദ്ധതി വിവരണം

ഒരു രാജ്യത്തിന്റെ വികസനത്തിൽ, അടിസ്ഥാന സൗകര്യ വികസനമാണ് പ്രാഥ മികമായി മുന്നിട്ട് നിൽക്കുന്നത്. സർക്കാർ സ്ഥാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥാപനങ്ങളുടെ വികസനത്തിനോ, റോഡ്,പാലങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനോ വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ ന്യായമായതും ഒഴി വാക്കാൻ സാധിക്കാത്തതുമാണ്.

റോഡ് ദൈർഘ്യം പരിഗണിയ്ക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികവ് പുലർത്തുന്ന ഒരു പ്രദേശമാണ് കേരളം. എന്നാൽ റോഡുകളുടെ ഗുണനിലവാരം പ്രതീക്ഷിക്കുന്ന തരത്തിൽ മെച്ചപ്പെടുത്തി നിലനിറുത്താൻ പല പ്പോഴും കഴിയുന്നില്ലായെന്നുള്ള ഒരു വികാരം/അഭിപ്രായം ജനങ്ങളുടെ ഇടയിൽ നില നിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെ നിലവിലുള്ള റോഡുകളുടേയും പാല ങ്ങളുടേയും ഗുണ നിലവാരം മെച്ചപ്പെടുത്തലും നവീകരണവുമാണ് റോഡ് വിക സനത്തിൽ പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളതെന്നാണ് കാണാൻ സാധിക്കു ന്നത്. വിശാലമായ റോഡ് നെറ്റ് വർക്കുമായുള്ള ബന്ധം പുതിയ കച്ചവടങ്ങൾ, തൊഴിലവസരങ്ങൾ സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖല കളിലേക്കുള്ള പ്രവേശനമാകുന്നതിലുടെ നാടിന്റെ വികസനത്തിനും നവീകരണ ത്തിനും ഉത്തേജനം നൽകുന്നതിനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും നവീകരണവും സുസ്ഥിരവികസനത്തിന് ഒരു പ്രേരക ശക്തിയാണെന്നത് ഒരു വസ്തുതയായും നിലനിൽക്കുന്നു.

## 2.1. ഡെവലപ്പറുടെ പശ്ചാത്തലവും, ഭരണ/ മാനേജ്മെന്റ് ഘടനയും ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

പൊതുവായ മരാമത്ത് പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വകുപ്പാണ് ഈ പദ്ധതിയുടെയും ഡെവലപ്പറായിട്ടുള്ളത്. നിയതമായ ഒരു ഘടനയിലുള്ള അധികാര

സ്ഥാനങ്ങളാണ് വകുപ്പിലുള്ളത്. ഏറ്റെടുക്കുന്ന പദ്ധതികളിന്മേലുള്ള ഉത്തരവാദിത്വത്തിന്റെ ഘടന താഴെ വിവരിക്കും പ്രകാരമാണ്

ചീഫ് എഞ്ചിനീയർ

↓

സൂപ്രണ്ടിംഗ് എഞ്ചിനീയർ

↓

എക്സിക്യുട്ടീവ് എഞ്ചിനീയർ

↓

അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ

↓

അസിസ്റ്റന്റ് എഞ്ചിനീയർ

**2..2 നിയമത്തിൽ ലിസ്റ്റ്ചെയ്തിരിക്കുന്നപൊതുആശ്യത്തിനുള്ള മാനദണ്ഡങ്ങളുമായി എപ്രകാരം യോജിക്കുന്നു വെന്നത് ഉൾപ്പെടെയുള്ള പദ്ധതിയുടെ യുക്തി**

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ പരിധിയിൽപ്പെടുന്ന റോഡ്, പാലം തുടങ്ങിയവയുടെ നിർമ്മാണമാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. അപ്രകാരം പ്രദേശത്തിന്റെ മുഖഛായ തന്നെ മാറുന്ന ഒരു അടിസ്ഥാന സൗകര്യ വികസനമായിട്ട് പദ്ധതിയെ കാണുന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കാൽ ബന്ധപ്പെട്ട നിയമത്തിലെ സെക്ഷൻ 2(1) (ഇ) യുടെ പരിധിയിൽപ്പെടുന്ന തരത്തിലുള്ള ഒരു പൊതു ആവശ്യമായി കണേണ്ടി വരുന്നു.

**2.3 പദ്ധതി വലിപ്പം, സ്ഥാനം, ശേഷി, ഉൽപ്പന്നം, ഉൽപാദന ലക്ഷ്യങ്ങൾ, ചെലവ്, അപകട സാധ്യതകൾ**

ഡെവലപ്പറുടെ അഭിപ്രായം/മറുപടി ലഭ്യമായിട്ടില്ല.

**2.4 ഇതര മാർഗ്ഗങ്ങളുടെ പരിശോധന**

പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഏറ്റവും അനുയോജ്യമായതും വളരെ കുറച്ച് കുടുംബങ്ങൾ/വ്യക്തികളെ മാത്രം ദോഷകരമായി ബാധിക്കുന്നതുമായ പ്രദേശമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനെക്കാൾ കൂടുതൽ അനുയോജ്യമായ/ഗുണകരമായ മറ്റ് പ്രദേശം ലഭ്യമാണെന്ന് കണ്ടെത്താനായിട്ടില്ലായെന്നാണ് ഡെവലപ്പർ നേരിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്.

**2.5 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ**

ഡെവലപ്പറുടെ അഭിപ്രായം/മറുപടി പഠനസംഘത്തിന് ലഭ്യമായിട്ടില്ല.

**2.6. പ്രധാന രൂപകല്പന, സവിശേഷതകൾ, വലിപ്പം, സൗകര്യങ്ങൾ സംബന്ധിച്ച വിവരണം**

ഡെവലപ്പറുടെ അഭിപ്രായം/മറുപടി പഠനസംഘത്തിന് ലഭ്യമായിട്ടില്ല.

**2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത സംബന്ധിച്ച വിവരണം.**

പദ്ധതിയുടെ ഉദ്ദേശം സാക്ഷാത്കരിക്കുന്നതിന് വേണ്ടി മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യമില്ലായെന്നാണ് ഡെവലപ്പർ നേരിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്.

**2.8 തൊഴിൽ ശക്തി ആവശ്യകതകൾ (താല്കാലികവും, സ്ഥിരമായതും)**

ഡെവലപ്പറുടെ അഭിപ്രായം / മറുപടി ലഭ്യമായിട്ടില്ല.

**2.9 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിവരവും സാങ്കേതിക സൗകര്യം സംബന്ധിച്ച വിശദാംശങ്ങളും**

ഡെവലപ്പറുടെ അഭിപ്രായത്തിൽ നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട്, ഇപ്പോൾ നടന്നുവരുന്ന പഠനം അല്ലാതെ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനമോ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ പഠനമോ നടത്തിയില്ലായെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

ഡെവലപ്പറുടെ അഭിപ്രായം/മറുപടി പഠനസംഘത്തിന് ലഭ്യമായിട്ടില്ല.ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി താഴെ വിവരിക്കുന്ന നിയമവും ചട്ടങ്ങളുമാണ് പാലിക്കുന്നത്.

1. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.
2. Kerala Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Rules, 2015

.

അദ്ധ്യായം 3

# പഠനസംഘ സമീപനം, രീതിശാസ്ത്രം, സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ, സമയക്രമവും, ആസൂത്രണവും

2013 ലെ നിയമം അനുസരിച്ച് സർക്കാരിന്റെ ആവശ്യത്തിനായോ, സർക്കാർ –സ്വകാര്യ പങ്കാളിത്വത്തിലുള്ള പൊതു അവശ്യത്തിനായോ ഭൂമി ഏറ്റെടുക്കുന്നതിന്, സാമൂഹിക പ്രത്യാഘാത വിലയിരുത്തൾ പഠനം നടത്തുകയും സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്യേണ്ടതുണ്ട്. ഭൂമിഏറ്റെടുത്ത് കൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർദ്ദിഷ്ട പ്രദേശത്തെ സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങളും പരിണിത ഫലങ്ങളും സംബന്ധിച്ച് നടത്തുന്ന ഗവേഷണ ആസൂത്രണ പ്രക്രിയയാണ് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ എന്നത് കൊണ്ട് പൊതുവായി ഉദ്ദേശിക്കുന്നത്.സമൂഹത്തിലുണ്ടാകുന്ന ദോഷകരമായ ആഘാതങ്ങളും അവയ്ക്കുള്ള ആശ്വാസ നടപടികളും പദ്ധതി മുഖേനയുണ്ടാകാനിടയുള്ള നേട്ടങ്ങളും അവ അഭിവൃദ്ധിപ്പെടാത്താനുള്ള സാഹചര്യങ്ങളും തിരിച്ചറിഞ്ഞ് വിശകലനം നടത്താനുള്ള അവസരമായിട്ടാണ് സാമൂഹിക പ്രത്യാഘാത അവലോകനത്തെ ഉപയോഗപ്പെടുത്തേണ്ടതെന്നും കാണേണ്ടതുണ്ട്.

## 3.1 പഠന സംഘം

ലാൻഡ് റവന്യു, സർവ്വെയും ഭൂരേഖയും, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളിൽ ദീർഘകാലം ജോലി ചെയ്ത് വിരമിച്ചവരും ബന്ധപ്പെട്ട മേഖലകളിൽ സാങ്കേതിക ജ്ഞാനമുള്ള യുവാക്കളായ പ്രൊഫഷണലുകളും ഉൾപ്പെട്ട ഒരു സംഘമാണ് പഠനത്തിൽ പങ്കാളികളായത്. ഭൂമി ഏറ്റെടുക്കൽ, സർവ്വെയും അനുബന്ധ നടപടികളും, നിർമ്മിതികൾ, സാമൂഹിക വിഷയങ്ങൾ തുടങ്ങി അവശ്യമായ വിവിധ വിഷയങ്ങളിൽ സാങ്കേതിക പ്രാവീണ്യമുള്ളവരാണ് സംഘത്തിൽ ഉൾപ്പെട്ടിരുന്നത്.

**പഠനസംഘത്തിലെ പ്രധാന അംഗങ്ങൾ.**

| പേര് | പദവി | ചുമതല |
|---|---|---|
| ശ്രീ.മനോമോഹൻ.എസ് | തഹസീൽദാർ (റിട്ട.) | ഡയറക്ടർ |
| ശ്രീ. പ്രതാപൻ. എൻ | തഹസീൽദാർ (റിട്ട.) | പ്രോജക്ട് ഡയറക്ടർ/ചെയർമാൻ |
| ശ്രീമതി സുസന്ന സൈമൺ | എം.എസ്.ഡബ്യു | സാമൂഹിക ശാസ്ത്രജ്ഞ |

| | | |
|---|---|---|
| ശ്രീ. കെ.ജയകുമാരൻ | ഡെപ്യൂട്ടി കളക്ടർ (റിട്ട.) | പുനരധിവാസ വിദഗ്ദ്ധൻ |
| ശ്രീ. അജിത്കുമാർ.ആർ.ജി | സൂപ്രണ്ട്, സർവേ ആൻഡ് ലാൻഡ് റിക്കാർഡ്സ് (റിട്ട) | സാങ്കേതിക വിദഗ്ധൻ |
| ശ്രീ. ഹരികുമാർ.പി | ഫസ്ററ് ഗ്രേഡ് സർവേയർ, സർവെ ആൻഡ് ലാൻഡ് റിക്കാർഡ്സ് (റിട്ട) | സാങ്കേതിക വിദഗ്ധൻ |
| ശ്രീ.ആഷിൻ അലക്സ് | സിവിൽ എഞ്ചിനീയർ | ഇൻവെസ്റ്റിഗേറ്റർ |
| ശ്രീ. സുജിത്.ജി.എസ്. | ഐ.റ്റി.ഐ | ഇൻവെസ്റ്റിഗേറ്റർ |

## 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തലിനായി വിവരങ്ങൾ ശേഖരിക്കുന്നതിന് അവലംബിച്ച രീതിശാസ്ത്രവും, യുക്തിയും

പദ്ധതി നടപ്പിലാക്കുന്നതു മുഖേന പ്രദേശത്ത് ഉണ്ടാകാവുന്ന സാമൂഹിക ആഘാതങ്ങളും അവയ്ക്കുള്ള ആശ്വാസ നടപടികളും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയെന്ന ഉത്തരവാദിത്വമാണ് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൽ നിഷിപ്തമായിട്ടുള്ളത്. ഇതിന്വേണ്ടി വിവിധ തലങ്ങളിൽ നിന്ന് ഗുണപരവും പരിമാണ പരവുമായ ഒട്ടനവധി വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യേണ്ടതുണ്ടായിരുന്നു.

മുകളിൽ വിവരിച്ച പ്രകാരമുള്ള ഉദ്ദേശം സാക്ഷാത്കരിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭിക്കുന്ന തരത്തിലുള്ള ഒരു ചോദ്യാവലിക്ക് രൂപം നൽകിയിരുന്നു. പ്രസ്തുത ചോദ്യാവലിയ്ക്ക് അനുസൃതമായി വിവര ശേഖരണം നടത്തുന്നതിന് പരിശീലനം നൽകിയിരുന്ന സംഘാംഗങ്ങളാണ് ഫീൽഡ് ഇൻവേസ്റ്റിഗേഷനിൽ പങ്കെടുത്തിരുന്നത്. വിശദമായ അവലോകനത്തിലൂടെയുള്ള പഠനത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാകുന്ന തരത്തിൽ ശാസ്ത്രീയ-സങ്കേതിക കാഴ്ചപ്പാടോടെ തയ്യാറാക്കിയ ചോദ്യാവലി പഠന റിപ്പോർട്ട് തയ്യാറക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തിരുന്നു.

## 3.3 പഠന സമ്പ്രദായത്തിലെ മാതൃകാ പരിശോധന

പ്രാഥമിക പരിശോധന നടത്തിയതിൽ നിന്ന്, ബാധിത സമൂഹത്തിലെ വിവിധ ഗ്രൂപ്പുകളുടെ ജീവത നിലവാരത്തിലും സാമൂഹിക കാഴ്ചപ്പാടുകളിലും വ്യത്യാസം നിലനിൽക്കുന്നതിനാൽ ബാധിക്കപ്പെടാവുന്ന ആഘാതത്തിന്റെ സ്വാഭാവത്തിലും തീവ്രതയിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്ന് കണ്ടിരുന്നു. ഇപ്രകാരം വിവിധ ഗ്രൂപ്പുകളിലുണ്ടാകുന്ന പ്രത്യാഘാതങ്ങളുടെ സ്വഭാവത്തിലൂം തീവ്രതയിലും ആവർ

ത്തന സ്വഭാവം ഇല്ലാത്തതിനാൽ പഠന സമ്പ്രദായത്തിൽ ഒരു മാതൃകാ പരിശോധനക്ക് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ലായെന്ന് മനസ്സിലാക്കിയതിനാൽ പ്രസ്തുത സമ്പ്രദായം ഈ പഠനത്തിൽ വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നില്ല.

### 3.4 ഉപയോഗപ്പെടുത്തിയിരുന്ന വിവരം/വിവര സ്രോതസ്സുകളെ സംബന്ധിച്ച അവലോകനം

പദ്ധതി പ്രദേശത്ത് ബാധിക്കാനിടയുള്ള സാമൂഹ്യക പ്രത്യാഘാതങ്ങളെയും അവയ്ക്കുള്ള ആശ്വാസനടപടികളേയും സംബന്ധിച്ച പഠനത്തിന് വേണ്ടി വിവരങ്ങളുടെ വലിയ ഒരു ശ്രേണി തന്നെ ശേഖരിക്കേണ്ടതായിട്ടുണ്ടായിരുന്നു. പഠന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ അടിസ്ഥാനമാക്കി ലഭിയ്ക്കേണ്ടിയിരുന്ന/ശേഖരിയ്ക്കേണ്ടിയിരുന്ന വിവരങ്ങളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വർഗ്ഗീകരിച്ചാണ് സമീപിച്ചിരുന്നത്.

ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരുന്ന ഭൂമിയെ സംബന്ധിക്കുന്നതും പദ്ധതിയെക്കുറിച്ച് ഡെവലപ്പറിൽ നിന്ന് ലഭിക്കേണ്ടവയേയും പ്രാഥമിക വിഭാഗത്തിൽ ഉൾപ്പെടുത്തി പഠനാരംഭത്തിൽ തന്നെ ശേഖരിച്ചിരുന്നു. ഇതിനുവേണ്ടി ജില്ലാ കളക്ടർ തിരുവനന്തപുരം, ലാൻഡ് അക്വിസിഷൻ ഓഫീസർ, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം, എക്സിക്യുട്ടീവ് എൻഞ്ചിനീർ, പൊതുമരാമത്ത് (പാലങ്ങൾ വിഭാഗം) തിരുവനന്തപുരം, അസിസ്റ്റന്റ് എൻഞ്ചിനീയർ, പൊതുമരാമത്ത്, (പാലങ്ങൾ വിഭാഗം), തിരുവനന്തപുരം എന്നി അധികാരികളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു.

ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾ, കൈവശക്കാർ, പദ്ധതിപ്രദേശത്തിലെ സമീപവാസികൾ ഉൾപ്പെടെ തൽപ്പരകക്ഷികളിൽ നിന്ന് വിശാലമായ രീതിയിലുള്ള വിവരശേഖരണമാണ് പിന്നീട് നടത്തേണ്ടിയിരുന്നത്. ഈ വിഭാഗത്തിൽ ലഭ്യമാകുന്നവയെ ദ്വീതിയ വിവരങ്ങളെന്ന് തരം തിരിച്ചിരുന്നു. തുടർച്ചയായ ഫീൽഡ്/ കുടുംബ സന്ദർശനം നടത്തിയാണ് ഇവ പൂർണ്ണമായും ശേഖരിച്ചിരുന്നത്. ഇപ്രകാരമുള്ള വിവരങ്ങളുടെ അവലോകനത്തിൽ നിന്നാണ് പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പ്രസിദ്ധികരിച്ചിട്ടുള്ളത്.

### 3.5 ബന്ധപ്പെട്ട കക്ഷികളുമായുള്ള കൂടിയാലോചന സമയ ക്രമവും, പൊതുചർച്ചയുടെ വിശദാംശങ്ങളും

സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്ന ചുമതല ഏൽപ്പിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ ആയ ജില്ലാകളക്ടർ, ഭൂമി ഏറ്റെടുക്കൽ അധികാരി, ഡെവലപ്പർ തുടങ്ങിയവരുമായി പഠന സംഘം ബന്ധപ്പെട്ടിരുന്നു. കൂടാതെ ബാധിത കുടുംബാംഗങ്ങളുമായും തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ പ്രതിനിധിയുമായും വിഷയം ചർച്ച ചെയ്തിരുന്നു.

**സംവദിച്ച/ വിവരങ്ങൾ ലഭ്യമാക്കിയിരുന്ന അധികാര കേന്ദ്രങ്ങളും തൽപരകക്ഷികളും, തീയതിയും സംബന്ധിച്ച വിവരം**

.

| ക്രമ നമ്പർ | അധികാരികൾ/ തൽപ്പര കക്ഷികൾ | തീയതി |
|---|---|---|
| 1 | ജില്ലാകളക്ടർ, തിരുവനന്തപുരം. | 31/08/2021,11/11/2021 |
| 2 | ലാൻഡ് അക്വിസിഷൻ ഓഫീസർ, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം | 31/08/2021,11/11/2021 |
| 3 | എക്സിക്യൂട്ടീവ് എൻഞ്ചിനീർ, പൊതുമരാമത്ത് (പാലങ്ങൾ വിഭാഗം) തിരുവനന്തപുരം | 11/11/2021 |
| 4 | അസിസ്റ്റന്റ് എൻഞ്ചിനീയർ, പൊതുമരാമത്ത്, (പാലങ്ങൾ വിഭാഗം), തിരുവനന്തപുരം | 11/11/2021,27/11/2021 |
| 5 | ബാധിത ഭൂവുടമകൾ/വാടകക്കാർ | 20/11/2021,29/11/2021, 30/11/2021 |
| 6 | വില്ലേജ് ആഫീസർ,നേമം,തിരുമല | 24/11/2021, 25/11/2021 |
| 7 | നഗരസഭ പ്രതിനിധികൾ | 30/11/2021,01/12/2021 |

കരട് റിപ്പോർട്ട് പ്രസിദ്ധികരിച്ച ശേഷം ഭൂവുടമകൾ, മറ്റ് തൽപ്പര കക്ഷികൾ, നഗരസഭ പ്രതിനിധികൾ, പദ്ധതിയുടെ ഡെവലപ്പർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു പൊതു ചർച്ച സംഘടിപ്പിക്കുന്നതാണ്. ചർച്ചയിലൂടെ ലഭ്യമാക്കുന്ന വീക്ഷണങ്ങളുടെ/അഭിപ്രായങ്ങളുടെ/ മറുപടികളുടെ അവലോകനത്തിൽ നിന്നുള്ള വിവരങ്ങളെ തൃതീയ വിവരങ്ങളാക്കി പരിഗണിച്ചുകൊണ്ടാണ് പഠന റിപ്പോർട്ട് അന്തിമ മാക്കുന്നത്.

## അദ്ധ്യായം.4

# ഭൂമി വിലയിരുത്തൽ

വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രകൃതി വിഭവമാണ് ഭൂമി. അതിനാൽ വികസന പ്രവർത്തനത്തിനുവേണ്ടിയുള്ള ഭൂമിയുടെ ആവശ്യം പല മടങ്ങ് വർദ്ധിച്ചി ട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രത വളരെ കൂടുത ലായിട്ടുള്ള പ്രദേശമാണ് കേരളം. ജനങ്ങൾക്ക് താമസിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാകുന്ന കാര്യത്തിൽ പോലും ദൗർലഭ്യം അനുഭവപ്പെടുന്ന സംസ്ഥാനമായിട്ടാണ് കേരളത്തെ കാണാൻ കഴിയുന്നത്.എന്നാൽ വ്യാവസായിക വൽക്കരണത്തിനും അടി സ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി ഏറ്റെടുക്കുന്നതിനും, നഷ്ടപരിഹാരം നൽകാനുമുള്ള സർക്കാരിന്റെ അധികാരമായും ഭൂമിയെ കാണേണ്ടിവരുകയും ചെയ്യുന്നു. അതിനാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താരതമ്യേന സങ്കീർണമായ ഒരു സംഗതിയായി നില നിൽക്കുകയും ചെയ്യുന്നതായി ട്ടാണ് ബോദ്ധ്യപ്പെടുന്നത്.

### 4.1 ഭൂപടം, രജിസ്റ്ററുകൾ, പ്രാഥമിക സ്രോതസ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരണം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ നേമം, തിരുമല വില്ലേജുകളിൽപ്പെട്ടുന്ന 0.2832 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി പൊന്നും വിലയ്ക്കേടുക്കേണ്ടതായിട്ടുള്ളത്. ഇത് നേമം വില്ലേജിൽപ്പെട്ട നാല് സർവ്വേ സബ് ഡിവിഷനുകളിലും തിരുമല വില്ലേജിൽപ്പെട്ടുവരുന്ന ഇതുപത്തിയാറ് സർവ്വേ സബ് ഡിവിഷനുകളിലുമായി വ്യാപിച്ചുകിടക്കുന്നു. ഇവയിൽ റോഡും നടപ്പാതകളുമായ പൊതു സ്ഥലം ഒഴിച്ച് നിറുത്തുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി 21- കുടുംബങ്ങളുടേയും, 2 സ്ഥാപനങ്ങളുടെ/ട്രസ്റ്റുകളുടെ കൈവശാനുഭവ ത്തിലുമാണെന്നാണ് പഠന സംഘംത്തിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂമി റവന്യു രേഖകൾ പ്രകാരം പുരയിടം ഇനത്തിൽപ്പെടുന്നതാണെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് ഏകദേശം തെങ്ങ്, മഹാഗണി തുടങ്ങി ഏതാനും വൃക്ഷങ്ങൾ നിലനിൽക്കു കയുംചെയ്യുന്നുണ്ട്.







### 4.2 പദ്ധതിയുടെ സ്വാധീനം മുഖേന ആഘാതത്തിൽപ്പെടുന്ന മൊത്തം പ്രദേശം

പദ്ധതിക്ക് വേണ്ടി 0.2832 ഹെക്ടർ ഭൂമിയാണ് പൊന്നുംവിലയ്ക്കെടുത്ത് നൽകാൻ ശുപാർശ ചെയ്തിരിക്കുന്നത്. ഇതിൽ തന്നെ ചെറിയ റോഡുകളും നടപ്പാതകളുമായ പൊതുസ്ഥലങ്ങളും ഉൾപ്പെടുന്നുണ്ട്. സ്വകാര്യ ഭൂമി മാത്രമാണ് പൊന്നുംവില നടപടികളുടെ പരിധിയിൽപ്പെടുന്നത്.

പദ്ധതി നടപ്പിൽ വരുന്നതു മുഖേന ബാധിത പ്രദേശത്ത് ഗുണകരമല്ലാത്ത/ ദോഷകരമായ ആഘാതങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ സമീപ പ്രദേശത്തുള്ളവർക്കും സമീപ താലൂക്കുകളിൽപ്പെട്ടവർക്കുപോലും ഗുണപരമായ ഫലങ്ങളാണ് ലഭിക്കുന്നത്. ബാധിത പ്രദേശത്തുള്ളവർക്ക് ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ നഷ്ടപ്പെടുന്നുവെ ന്നത് വലിയ മാനസിക സമ്മർദ്ദമാണ് അവരിൽ സൃഷ്ടിക്കപ്പെടുന്നത്. തൊഴി ലുകൾ/വരുമാന മാർഗ്ഗങ്ങൾ മുതലായവയും നഷ്ടപ്പെടാമെന്നുള്ളതിനാൽ ആഘാ തത്തിന്റെ തീവ്രത കണക്ക് കൂട്ടാൻ കഴിയാത്തത്ര വലുതാണെന്ന് മനസ്സിലാക്കാനും കഴിയുന്നതാണ്.എന്നാൽ ഗുണങ്ങൾ/നേട്ടങ്ങൾ അനുഭവയോഗ്യമാകുന്ന വലിയ ഒരു ജനവിഭാഗം തന്നെ ഉണ്ടാകുമെന്നതാണ് പദ്ധതിയുടെ പ്രാധാന്യമായി കാണാൻ കഴിയുന്നത്. ഗതാഗത കുരുക്കില്ലാതെ യാത്ര ചെയ്യാൻ സാധിക്കുക, ഇന്ധന ലാഭം, സമയ ലാഭം എന്നിവ ലഭിക്കുക, വളരെ എളുപ്പത്തിൽ തൊഴിൽ/ വിദ്യാഭ്യാസ/ ആരോഗ്യ സ്ഥാപനങ്ങളിൽ എത്താൻ കഴിയുക തുടങ്ങിയവ നേട്ടങ്ങളിൽ ചിലതാണ്. സമീപ ഭൂമികളുടെ നിലവാരം/ യോഗ്യത വർദ്ധിക്കുക, പ്രദേശത്തിന്റെ മുഖഛായ മാറുക തുടങ്ങിയവയും നേട്ടങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിയ്ക്കുന്നവയിൽ ചില താണ്.

## 4.3 പദ്ധതിയുടെ മൊത്തം ഭൂമി ആവശ്യം

അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എൻജിനിയർ, PWD, Bridges Division, തിരുവനന്തപുരത്തിന്റെ അഭിപ്രായത്തിൽ 70 സെന്റ് ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിയ്ക്ക് മൊത്തമായി ആവശ്യമായി വരുന്നതെന്നും അതിനുള്ള ഏറ്റെടുക്കൽ ശിപാർശയാണ് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതെന്നും പഠനസംഘത്തെ അറിയിച്ചു. നദിയുടേയും അതിന്റെ ഇരുകരകളിലേയും ഭാഗങ്ങളിലാണ് പാലം പ്രധാനമായും പണികഴിപ്പി ക്കുന്നത്. ഇത് പൊതു സ്ഥലമെന്ന വിഭാഗത്തിൽപ്പെടുന്നു. അപ്രോച്ച് റോഡിനുവേണ്ടി ശുപാർശ ചെയ്തിരിക്കുന്നതിലും ഇടത്തരം റോഡുകളും നടപ്പാതകളുമായ പൊതു സ്ഥലവും ഉൾപ്പെടുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ/കുടുംബങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന ഭൂവിഭാഗം സർവ്വെ ചെയ്ത് വിസ്തീർണ്ണം തിട്ടപ്പെടുത്തിയാണ് പൊന്നുംവില നടപടികൾക്ക് വിധേയമാക്കുന്നത്.

## 4.4 പദ്ധതി പ്രദേശത്തിന് സമീപം പൊതു ഉപയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശത്തിന് സമീപം റോഡുകളും നടപ്പാതകളുമാണ് പൊതു ഉപയോഗ ത്തിലുള്ള സ്ഥലമായി കാണാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത സ്ഥലങ്ങൾ വളരെ ക്കാലമായി ഇതേ ആവശ്യത്തിനായിട്ടാണ് ഉപയോഗിച്ച് വരുന്നതെന്നാണ് പഠന സംഘത്തിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

## 4.5നിലവിൽ ഏതെങ്കിലും ഭൂമി വാങ്ങുകയോ, അന്യാധീനപ്പെടുത്തുകയോ പാട്ടത്തിന് കൊടുക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ ഓരോ പ്ളോട്ടിന്റേയും നിർദ്ദിഷ്ട ഉപയോഗം .

പഠന സംഘത്തിന്റെ പരിശോധനയിലും ഡെവലപ്പറുടെ അഭിപ്രായത്തിലും പദ്ധതിക്ക് ആവശ്യമായി വരാവുന്ന അവസ്ഥയിലുള്ള ഭൂമി വാങ്ങുകയോ അന്യാധീനപ്പെടുത്തുകയോ പാട്ടത്തിന് കൊടുക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലായെന്നാണ് കാണുന്നത്.

## 4.6 പദ്ധതിയ്ക്കായി ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ അളവും സ്ഥാനവും

നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി വരുന്നപാലത്തിൻറേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനാവശ്യമായ 0.2832 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്ത് നൽകാൻ അർത്ഥനാധികാരി ശുപാർശ ചെയ്തിരിക്കുന്നത്. അലൈൻമെന്റ് കല്ലുകൾ അനുസരിച്ചുള്ള ഭൂപ്രദേശത്ത് ഇടത്തരത്തിലുള്ള ടാറിട്ട റോഡുകളും നടപ്പാതകളുമായ പൊതു സ്ഥലവും ഉൾപ്പെടുന്നുണ്ട്. ഇവ ഒഴിച്ച് നിറുത്തി സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂവിഭാഗങ്ങൾ മാത്രമാണ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ട് ഏറ്റെടുത്ത് നൽകേണ്ടതായിട്ടുള്ളത്. മുടവൻമുഗൾ-പുന്നയ്ക്കാമുഗൾ റോഡിൽ മുടവൻമുഗൾ ജംഗ്ഷനിൽ നിന്ന് ഉദ്ദേശം 200 മീറ്റർ ചെല്ലുമ്പോൾ വലത്തോട്ട് തിരിയുന്ന സൗത്ത് റോഡിൽ ഇടത്തോട്ട് തിരിഞ്ഞ് എത്തുന്ന കരമന നദിയുടെ തീരത്തും ഇരുവശത്തുമുള്ള റോഡുകളിലുമായാണ് പദ്ധതി പ്രദേശം വ്യാപിച്ചു കിടക്കുന്നത്.

## 4.7 ഭൂമിയുടെ സ്വഭാവം,ഭൂമിയുടെ തരംതിരിവും ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചന ലഭ്യതയും വിളവെടുപ്പ് രീതിയും

ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്ന ഭൂമി റവന്യു രേഖകൾ പ്രകാരം പുരയിടമെന്ന കാറ്റഗറിയിൽപ്പെടുന്നവയാണ്. ഇതിൽ തിരുമല വില്ലേജിൽപ്പെടുന്നതും കരമന നദിക്ക് പടിഞ്ഞാറ് ഭാഗത്ത് വരുന്നതുമായ ഭൂവിഭാഗങ്ങൾ പ്രധാനമായും പാർപ്പിടാവശ്യത്തിനായിട്ടാണ്. നിലവിൽ ഉപയോഗിച്ച് വരുന്നത്. ഇതിൽതന്നെ ബൈ റോഡുകളുടേയും നടപ്പാതകളുടേയും ഭാഗങ്ങളും ഉൾപ്പെട്ടു വരുന്നുണ്ട്. 4 പാർപ്പിടകെട്ടിടങ്ങളെ അലൈൻമെന്റ് ബാധിക്കുന്നുണ്ട്. കൂടാതെ രണ്ട് വീടുകളുടെ സൺഷെയിഡും ചുറ്റമതിലും അലൈൻമെന്റിനകത്ത് വരുന്നുണ്ട്. പാർപ്പിടകെട്ടിടങ്ങളുടെ ചുറ്റുമതിലുകളാണ് ഏറെയും ബാധിക്കപ്പെടുന്നത്. രണ്ട് കച്ചവടസ്ഥാപനങ്ങളെ ഭാഗികമായി ബാധിക്കുന്നു. ഓട് മേഞ്ഞ ഒരുവീട് ഭാഗികമായിട്ടാണ് ബാധിക്കുന്നതെങ്കിലും അവശേഷിക്കുന്ന ഭാഗം നിലനിൽക്കാൻ തക്ക ഉറപ്പുള്ള അവസ്ഥയില്ലായെന്നാണ് വിലയിരുത്തുന്നത്.

നേമം വില്ലേജിൽ ഉൾപ്പെട്ടുവരുന്നതുംകരമന നദിക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നതുമായ പദ്ധതി പ്രദേശം ഏറ്റെടുക്കുന്നതു മുഖേന ഗൗരവമായ യാതൊരു ആഘാതവും സൃഷ്ടിക്കുന്നില്ല. ഇതിൽ ഏറിയ ഭാഗവും ദേവസ്വം വക ഭൂമിയാണ്. ചുറ്റുമതിലുകളും ഏതാനും വൃക്ഷങ്ങളുമാണ് ബാധിക്കപ്പെടുന്നത്. ഈ ഭൂവിഭാഗങ്ങൾ പാർപ്പിടാവശ്യത്തിനോ വ്യവസായിക പ്രധാന്യത്തോടെയുള്ള കൃഷി ആവശ്യത്തിനോ ഉപയോഗിക്കുന്നതായി കാണുന്നില്ല.

## 4.8 കൈവശ ഭൂമിയുടെ വലുപ്പം ഉടമസ്ഥാവകശത്തിന്റെ രീതി, ഭൂമി വിതരണം താമസ കെട്ടിടങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരണം

പൊതു സ്ഥലങ്ങൾ ഒഴിവാക്കിയാൽ ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്ന ഭൂപ്രദേശം 21 കുടുംബങ്ങളുടേയും 02 സ്ഥാപനങ്ങളുടേയും കൈവശത്തിലാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിൽ ഏറ്റവും കൂടിയ കൈവശ വിസ്തീർണം 90 ആറും ഏറ്റവും കുറഞ്ഞ കൈവശ വിസ്തീർണം 20 ച.മീറ്ററും ആണെന്നാണ് സർവ്വേയിൽ നിന്ന് വെളിവായിട്ടുള്ളത്.

## 4.9 ഭൂമിയുടെവില, ഉടമസ്ഥാവകാശത്തിൽ അടുത്ത കാലത്തുണ്ടായ വ്യത്യാസങ്ങൾ,അവസാനത്തെ മൂന്ന്വർഷത്തിൽ ഭൂമിയിന്മേലുണ്ടായ കൈമാറ്റവും ഉപയോഗവും

ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്ന ഭൂമി റവന്യു രേഖകൾ പ്രകാരം പുരയിടമെന്ന കാറ്റഗറിയിൽപ്പെടുന്നവയാണ്. ഇതിൽ തിരുമല വില്ലേജിൽപ്പെടുന്നതും കരമന നദിക്ക് പടിഞ്ഞാറ് ഭാഗത്ത് വരുന്നതുമായ ഭവിഭാഗങ്ങൾ പ്രധാനമായും പാർപ്പിടാവശ്യത്തിനായിട്ടാണ്. നിലവിൽ ഉപയോഗിച്ച്വരുന്നത്. ഇതിൽതന്നെ ബൈ റോഡുകളുടേയും നടപ്പാതകളുടേയും ഭാഗങ്ങളും ഉൾപ്പെട്ടു വരുന്നുണ്ട്. 4 പാർപ്പിട കെട്ടിടങ്ങളെ അലൈൻമെന്റ് ബാധിക്കുന്നുണ്ട്. കൂടാതെ രണ്ട് വീടുകളുടെ സൺഷെയിഡും ചുറ്റമതിലും അലൈൻമെന്റിനകത്ത് വരുന്നുണ്ട്. പാർപ്പിടകെട്ടിടങ്ങളുടെചുറ്റുമതിലുകളാണ് ഏറെയും ബാധിക്കപ്പെടുന്നത്. രണ്ട് കച്ചവടസ്ഥാപനങ്ങളെ ഭാഗികമായി ബാധിക്കുന്നു. ഓട് മേഞ്ഞ ഒരുവീടും ഷീറ്റിട്ട മറ്റൊരു വീടും ഭാഗികമായിട്ടാണ് ബാധിക്കുന്നതെങ്കിലും അവശേഷിക്കുന്ന ഭാഗം നിലനിൽക്കാൻ തക്ക ഉറപ്പുള്ള അവസ്ഥയിലല്ലായെന്നാണ് വിലയിരുത്തുന്നത്.

നേമം വില്ലേജിൽ ഉൾപ്പെട്ടു വരുന്നതും കരമന നദിക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നതുമായ പദ്ധതി പ്രദേശം ഏറ്റെടുക്കുന്നതു മുഖേന ഗൗരവമായ യാതൊരു ആഘാതവും സൃഷ്ടിക്കുന്നില്ല. ഇതിൽ ഏറിയ ഭാഗവുംദേവസ്വം വക ഭൂമിയാണ്. ചുറ്റുമതിലുകളും ഏതാനും വൃക്ഷങ്ങളുമാണ് ബാധിക്കപ്പെടുന്നത്. ഈ ഭൂവിഭാഗങ്ങൾ പാർപ്പിടാവശ്യത്തിനോ വ്യവസായിക പ്രധാന്യത്തോടെയുള്ള കൃഷി ആവശ്യത്തിനോ ഉപയോഗിക്കുന്നതായി കാണുന്നില്ല.

അദ്ധ്യായം 5

# ബാധിത കുടുംബങ്ങളും ആസ്തികളും, എണ്ണവും, മതിപ്പ് വിലയും

പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നതു മുഖേന ഭൂമിയും മറ്റ് ആസ്തികളും നഷ്ടപ്പെടുന്ന കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടേയും എണ്ണത്തെയാണ് പദ്ധതി മൂലം ഉണ്ടാകുന്ന ആഘാതത്തിന്റെ അളവ് കോലായി പരിഗണിയ്ക്കുന്നത്.അതിനാൽ സാമൂഹിക പ്രത്യാഘതത്തിന്റെ സ്വഭാവവും തീവ്രതയും തിട്ടപ്പെടുത്തുതിനു വേണ്ടി ബാധിത കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന ആസ്തികളുടെ മതിപ്പ് വിലയും കൃത്യമായി തന്നെ തിട്ടപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന സ്ഥിതി വിവരകണക്കുകളിൽ നിന്ന് മാത്രമേ ആഘാതത്തിനുള്ള ആശ്വാസ നടപടികൾ ആസൂത്രണം ചെയ്യാൻ സാങ്കേതികമായി കഴിയുകയുള്ളുയെന്നും ബാദ്ധ്യപ്പെടുന്നുണ്ട്.

## 5.1. നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളുടെ വിശദാംശങ്ങൾ

പദ്ധതി നടപ്പിലാക്കുന്നതു മുഖേന 21 കുടുംബങ്ങൾക്ക് ഭൂമിമാത്രമായോ ഭൂമിയും പാർപ്പിടത്തിന്റെ ഭാഗമോ, വാണിജ്യസ്ഥാപനങ്ങൾ ഭാഗികമായോ നഷ്ടപ്പെടുന്നുണ്ട്. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

## 5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗക്കാരും മറ്റ് വനവാസികളും ഉൾപ്പെടുന്ന കുടുംബങ്ങൾ

വനാവകാശം നഷ്ടപ്പെടുന്ന തരത്തിലുള്ള ഭൂമിയൊന്നും ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളവയിൽ ഉൾപ്പെടുന്നില്ല. അതിനാൽ തന്നെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ഒന്നും തന്നെ ബാധിതസമൂഹത്തിൽ ഉൾപ്പെടുന്നില്ലായെന്ന് കാണുന്നു.

## 5.3 പൊതു വിഭവങ്ങൾ ഉപജീവന മാർഗ്ഗമായി ആശ്രയിച്ചിരുന്നവയിൽ ഭൂമി ഏറ്റെടുക്കുന്നതു മുഖേന അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പരിശോധിച്ചതിൽ പൊതു വിഭവങ്ങൾ ഉപജീവന മാർഗ്ഗമായി ആശ്രയിച്ചിരുന്നവയിൽ ഭൂമി ഏറ്റെടുക്കുന്നതു മുഖേന അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടില്ല.

## 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പതിച്ച് കിട്ടിയ ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾ

സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ള ഭൂമിയൊന്നും പദ്ധതിക്ക് വേണ്ടി ശിപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നില്ലായെന്നാണ് പഠനസംഘത്തിന് മനസ്സിലായിട്ടുള്ളത്.

## 5.5 ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് മൂന്ന് വർഷമോ അതിലധികമോ കാല യളവിലായി നഗരപ്രദേശങ്ങളിലെ ഏതെങ്കിലും ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശം തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലാണ് സ്ഥിതിചെയ്യുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ വക ഒരു പാർക്ക്, ദേവസ്വം വക ഭൂമി, ബൈ റോഡുകൾ, നടപ്പാതകൾ, നദിപുറമ്പോക്ക് എന്നിവ ഭാഗികമായി പദ്ധ തിക്ക് വേണ്ടി ശിപർശചെയ്തിട്ടുള്ള ഭൂവിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നുണ്ട്. ഇവ ഒഴിച്ച് നിറുത്തിയാൽ ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങൾ 21 വ്യക്തിക ളുടെ/ കുടുംബങ്ങളുടെ കൈവശത്തിലാണ്. ഇതിൽ 15 ഭൂവുടമകൾ പദ്ധതി പ്രദേ ശത്തും , 5 ഭൂവുടമകൾതിരുവനന്തപുരംകോർപ്പറേഷൻ പരിധിയിൽ വിവിധ ഭാഗങ്ങ ളിലുമായി താമസിച്ച് വരുന്നതായിട്ടാണ ്അറിയാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഒരു ഭൂവുടമ പഞ്ചായത്ത് പ്രദേശത്താണ് താമസിച്ച്വരുന്നത്.

## 5.6 മൂന്ന് വർഷമോ അതിലധികമോ കാലയളവിലായി ഏറ്റെടുക്കുന്ന ഭൂമി പ്രാഥമിക ജീവനോപാധിയായി ആശ്രയിക്കുന്ന കുടുംബങ്ങൾ

പദ്ധതിയ്ക്കായി ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങളിൽ രണ്ട് കച്ചവടസ്ഥാപനങ്ങൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്. എന്നാൽ ഏറ്റെടുക്കലിനുശേ ഷവും പരിമിതമായ സ്ഥലസൗകര്യത്തോടെ തന്നെ കച്ചവടം തുടർന്ന് കൊണ്ട് പോകാൻ സാധിക്കുമെന്നതിനാൽ അവരുടെ ഉപജീവനത്തെ ദോഷപ്പെടുത്തുമെന്ന് കാണാൻ കഴിയില്ല. ഒരുസ്റ്റേഷനറി കടയുടെ ഷീറ്റിട്ടതും അധികമായി കൂട്ടി ചേർത്ത തുമായ താൽക്കാലിക സ്വഭാവത്തിലുള്ള ഭാഗത്തെയാണ് 40% ബാധിക്കുന്നത്. ഭാഗി കമായി അലൈൻമെന്റിൽപ്പെടുന്ന രണ്ടാമത്തേത് സിമന്റ് കച്ചവടം നടത്തുന്ന ഒരു സ്ഥാപനമാണ്. രണ്ട് മുറികളുള്ള ഈ കെട്ടിടത്തിലെ ചെറിയ ഒരു മുറിയെ മാത്രമേ ഏറ്റെടുക്കൽ നടപടി ബാധിക്കുകയുള്ളുവെന്നതിലാണ് കച്ചവടം തുടർന്ന് കൊണ്ട് പോകാൻ സാധിക്കുമെന്ന ് വിലയിരുത്തുന്നത്.

പദ്ധതി പ്രദേശത്ത് കരമന നദിയുടെ ഇരുകരകളിലും എത്തി നിൽക്കുന്ന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം ഇല്ലാത്തതിനാൽ നദി മുറിച്ച് കടക്കാൻ തദ്ദേശസ്വയം ഭരണസ്ഥാപനം ഒരു കടത്ത് തോണി ഏർപ്പെടുത്തിയിട്ടുണ്ട്. വർഷ ന്തോറും സ്വകാര്യ വ്യക്തികളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ച് ഒരുവർഷ കാലയള വിലേയ്ക്ക് കടത്ത് തോണി ക്രമീകരിക്കുകയാണ് ചെയ്യുന്നതെന്നും അറിയുന്നു. ടി ചുമതല കഴിഞ്ഞ അഞ്ച്വർഷമായി ഒരു വ്യക്തിയെയാണ് ചുമതലപ്പെടുത്തിയിരുന്ന തെന്ന് കാണുന്നു.പാപ്പനംകോട്, എസ്റ്റേറ്റ് പോസ്റ്റിൽ, സത്യൻ നഗർ, മലമേൽകുന്ന് വീട്ടിലെ ശ്രീ.വിനോദ്കുമാറാണ് ഈ ജോലി ചെയ്തുവരുന്നത്. ഭാര്യയും മക്കളും രോഗിയായ മാതാവും ഉൾപ്പെടുന്ന ടിയാന്റെ കുടുംബം കഴിഞ്ഞ് വരുന്നത് ഇതിലൂടെ കിട്ടുന്ന വരുമാനം കൊണ്ടാണെന്നാണ് പഠനസംഘത്തെ അറിയിച്ചിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതി മുഖേന നദിക്ക് കുറുകെ പാലം നിർമ്മിച്ച്, അത് ഉപയോഗപ്രദമാകുന്നതോടെ ടിയാന്റെ നിലവിലെ വരുമാന മാർഗ്ഗം അടഞ്ഞ് പോകുമെന്ന് കാണുന്നുണ്ട്.

## 5.7 ഭൂമി ഏറ്റെടുക്കുന്നില്ലായെങ്കിലും പദ്ധതിയുടെ പരോക്ഷ ആഘാതം അനുഭവിയ്ക്കേണ്ടി വരുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്തിൽ തിരുമല വില്ലേജിൽപ്പെടുന്ന സമീപ വാസികളുമായി സംവദിച്ചതിൽ റസിഡൻഷ്യൽ പ്രദേശത്തിലുടെ കടന്ന് പോകുന്ന നിലവിലുള്ള റോഡ് ട്രാഫിക് തടസ്സമോ എന്തെങ്കിലും അപകടമോ ഉണ്ടാകുന്ന സാഹചര്യത്തിലല്ലായെന്ന് അഭിപ്രായപ്പെട്ടു. കൊച്ച് കുട്ടികൾക്ക് പോലും യാതൊരു ബുദ്ധിമുട്ടില്ലാതെ സ്വതന്ത്രമായി ഉപയോഗിയ്ക്കാൻ കഴിയുന്ന ഈ റോഡ് വീതി കൂട്ടി അപ്രോച്ച് റോഡാക്കുന്നതോടൊപ്പം സമീപ വാസികൾക്ക് പൊടി, ശബ്ദം, ട്രാഫിക് മുഖേനയുള്ള ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും നിർദ്ദിഷ്ട വികസനം ഇവിടത്തെ സമീപ വാസികൾക്ക് യാതൊരു ഗുണവും ഉണ്ടാക്കുന്നില്ലായെന്നും പഠനസംഘത്തെ അറിയിച്ചിട്ടുണ്ട്. നേമം വില്ലേജിൽപ്പെടുന്ന പരിസരവാസികൾക്കാണ് പദ്ധതിയുടെ പ്രയോജനം ഏറെ ലഭിക്കുന്നതെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## 5.8 ഉൽപാദന സ്വത്തുക്കളുടേയും പ്രധാന ഭൂമിയുടെയും പട്ടിക.

നിർദ്ദിഷ്ട പ്രദേശത്ത്, വാണിജ്യാടിസ്ഥാനത്തിലുള്ള കാർഷിക വ്യാവസായിക സംരംഭങ്ങളൊന്നും തന്നെ പ്രവർത്തിച്ച് വരുന്നില്ല. അതിനാൽ സവിശേഷമായ ഉൽപാദന സ്വത്തുക്കളൊന്നും തന്നെ പദ്ധതിപ്രദേശവുമായി ബന്ധപ്പെട്ട് വിഷയമാകുന്നില്ല.

### അദ്ധ്യായം 6

# സാമൂഹിക-സാമ്പത്തിക- സാംസ്കാരിക രൂപരേഖ

ബാധിത വ്യക്തികളുടെ എണ്ണം, സാമൂഹിക വിഭാഗം, ഗാർഹിക വലുപ്പം, തൊഴിൽ രീതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ശേഖരിക്കുകയായിരുന്നു പഠനത്തിന്റെ ഭാഗമായുള്ള സർവ്വെയുടെ പ്രധാന ലക്ഷ്യമായി നിലനിന്നിരുന്നത്. ബാധിയ്ക്കപ്പെടുന്ന ജനവിഭാഗത്തിലും സമൂഹത്തിലും സംഭവിക്കുന്ന ഗുണങ്ങളും ദോഷങ്ങളും വിലയിരുത്താൻ ഈ വിവര ശേഖരണ പ്രക്രിയ പഠനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘട്ടമായിരുന്നു.

## 6.1 പദ്ധതി പ്രദേശത്തിലെ ജനസംഖ്യപരമായ വിശദാംശങ്ങൾ

പ്രാഥമികമായ അന്വേഷണത്തിൽ പദ്ധതിയ്ക്ക് വേണ്ടി ശിപാർശ ചെയ്തിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതു മുഖേന ഏതെങ്കിലും പാർപ്പിട കെട്ടിടങ്ങളെയോ വ്യാപാരസ്ഥാപനത്തേയോ പൂർണ്ണമായും ദോഷപ്പെടുത്തുന്ന സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടില്ല. നാല് പാർപ്പിടകെട്ടിടങ്ങളെ ഭാഗികമായി ബാധിക്കുന്നുവെങ്കിലും ഓട് മേഞ്ഞ ഒരുവീടും ഷീറ്റിട്ട മറ്റൊരുവീടുമാണ് ഉദ്ദേശം 40% ത്തോളം ബാധിക്കുന്നതും അവശേഷിക്കുന്ന ഭാഗം നിലനിറുത്തി/ ബലപ്പെടുത്തി തുടർന്നും ഉപയോഗിക്കുന്ന കാര്യത്തിൽ വീട്ടുടമകൾ തീരുമാനം എടുക്കേണ്ട സാഹചര്യത്തിലാണെന്നുംവിലയിരുത്തുന്നത്. ചുറ്റുമതിലുകൾ, സൺഷെയിഡുകൾ, വീടിനോട് ചേർന്ന താൽക്കാലിക കൂട്ടിചേർക്കലുകൾ/ സെപ്റ്റിക്ടാങ്കുകൾ തുടങ്ങയവയെ ബാധിക്കുന്ന കേസുകളി

ലൊന്നും കുടിയൊഴിപ്പിക്കൽ പോലുള്ള ഗുരുതരമായ ആഘാത വിഷയങ്ങളൊന്നും തന്നെ ഉണ്ടാകുന്നില്ല. അതുകൊണ്ട് തന്നെ പദ്ധതി പ്രദേശത്തിലെ ജനസംഖ്യാപര മായ വിശദാംശങ്ങൾക്ക് വലിയ പ്രസക്തി ഉള്ളതായി കാണുന്നില്ല. ദേവസ്വം വക, കോർപ്പറേഷൻ വക ഭൂവിഭാഗങ്ങളും റോഡ്, നടപ്പാതകൾ, നദി പുറമ്പോക്ക് എന്നിവ ഒഴിവാക്കിയാൽ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂവിഭാഗങ്ങൾ 21 വ്യക്തികളുടെ/ കുടുംബങ്ങളുടെ കൈവശത്തിലാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൈവശഭൂമിയിൽ നിന്നും നാമമാത്രമായ അളവിലാണ് ഭൂവുടമകൾക്ക് ഭൂമി നഷ്ടപ്പെടുന്നത്. ഇപ്രകാരം ഭൂമി നഷ്ടപ്പെടുത്തേണ്ടി വരുന്ന വ്യക്തികളുടെ കുടുംബവുമായി ബന്ധപ്പെട്ട ജനസം ഖ്യാപരമായവിശദാംശങ്ങൾ ബന്ധപ്പെട്ടവരുടെ പ്രതികരണങ്ങളിൽ നിന്ന്ലഭ്യമായ പ്രകാരം താഴെചേർക്കുന്നു

| പ്രായ പരിധി | ലിംഗഭേദം | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| 10 വയസ്സിനു താഴെ | 6 | 6 | 12 |
| 10 –18 | 13 | 14 | 27 |
| 19 –35 | 11 | 13 | 24 |
| 36 –59 | 16 | 18 | 34 |
| 60 ന് മുകളിൽ | 07 | 06 | 13 |

ഭൂമി ഏറ്റെടുക്കൽ ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ കമ്മ്യുണിറ്റി തരം തിരിവ് പരി ശോധിച്ചതിൽ ബാധിത സമൂഹം പ്രധാനമായും ഹിന്ദു വിഭാഗത്തിൽ ഉൾപ്പെട്ടവരാ ണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

**തൊഴിൽ രീതി**

വ്യക്തികളുടെ തൊഴിൽ, സമൂഹത്തിലെ അവരുടെ സ്ഥാനം നിർണ്ണിയിക്കുന്ന തിൽ പ്രധാന പങ്ക് വഹിക്കുന്നു.സാമ്പത്തികമായി സമ്പന്നമായ ഒരു കുടുംബത്തിന് ആകർഷകമായ എല്ലാ സൗകര്യങ്ങളും നേടാൻ കഴിയുന്നു. എന്നാൽ ദുർബ്ബല വിഭാഗ ങ്ങൾ അവരുടെ നിലനിൽപ്പിനായിട്ടാണ് പോരാടേണ്ടിവരുന്നത്. ബാധിത പ്രദേശത്തെ ജനസമൂഹത്തിൽ സമ്മിശ്ര സാമ്പത്തിക രീതിയാണ് നിലനിൽക്കുന്നതെന്നാണ് കണ ക്കെടുപ്പിൽ വ്യക്തമാകുന്നത്. കുടുംബത്തലവൻമാരിൽ ഭൂരിഭാഗവും സർക്കാർ ജോലി, കച്ചവടം എന്നിവയിലാണ് ഏർപ്പെട്ടിരിക്കുന്നത്. സ്വയം തൊഴിൽ സംരംഭ ങ്ങളിലും, കൂലിപ്പണിയിലും ഏർപ്പെട്ടിരിക്കുന്നവരും പ്രസ്തുത ജനവിഭാഗത്തിൽപ്പെടു ന്നുണ്ട്. 02 കുടുംബങ്ങൾ ബാധിത പ്രദേശത്ത് കച്ചവട സ്ഥാപനങ്ങൾ നടത്തിയാണ് ഉപജീവനം നടത്തി വരുന്നത്.

### 6.2 വരുമാനം, ദാരിദ്ര്യം – നിലവാരം.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് താമസിച്ച് വരുന്ന കുടുംബങ്ങളുടേയും, ഏറ്റെടുക്കുന്ന ഭൂമിയെ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്ന കുടുംബങ്ങളുടേയും ജീവിത നിലവാരം വിശകലനം ചെയ്തതിൽ ഇടത്തരം ജീവിത നിലവാരത്തിലൂടെയാണ് മിക്കവാറും കുടുംബങ്ങൾ ജീവിച്ച് പോകുന്നതെന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ബാധിക്കപ്പെടുന്നവരിൽ 19 കുടുംബങ്ങൾ ഏ.പി.എൽ. വിഭാഗത്തിലും 2 കുടുംബങ്ങൾ ബി.പി.എൽ. വിഭാഗത്തിലും ഉൾപ്പെട്ടു വരുന്നതായി റേഷൻ കാർഡുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. മാസവരുമാനം 3000 രൂപാമുതൽ 1,20,000 രൂപാവരെ ആർജിക്കുന്ന കുടുംബങ്ങളാണ് ബാധിത ഭൂവുടമകളായി വരുന്നതെന്നുമാണ് പഠന സംഘത്തിന് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടുള്ളത്.




### 6.3 ദുർബ്ബല വിഭാഗങ്ങൾ

ശിപാർശചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ, കുടിയൊഴിപ്പിക്കൽ പോലെ,ഗുരുതരമായ ആഘാതങ്ങൾ പ്രദേശത്ത് സൃഷ്ടിക്കുന്നില്ല. പാർപ്പിട കെട്ടിടങ്ങളേയും കച്ചവടസ്ഥാപനങ്ങളേയും, ചുറ്റുമതിലുകളേയും ഭാഗികമായും, മൂന്ന് സെപ്റ്റിക് ടാങ്കുകളെ പൂർണ്ണമായുമാണ് ബാധിക്കുന്നത്. പഴകിയ രണ്ട് പാർപ്പിടകെട്ടിടങ്ങളെ സംബന്ധിച്ചടത്തോളം ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന കെട്ടിട ഭാഗം നിലനിറുത്തി തുടർന്നും ഉപയോഗപ്പെടുത്തുന്ന സംഗതിയിൽ സാങ്കേതിക പരിശോധന ആവശ്യമാണെന്ന് കാണുന്നു. കെട്ടിട ഉടമയുടെ അഭിപ്രായം/തീരുമാനമാണ ് ഇക്കാര്യത്തിൽ

അന്തിമമായിട്ടുള്ളതെന്നാണ് പഠനസംഘത്തിന് ബോദ്ധ്യപ്പെടുന്നത്. ഈ രണ്ട് കേസു കളിലും 10 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളില്ല. എന്നാൽദുർബ്ബല വിഭാഗത്തിൽ പ്പെടുന്ന 60 വയസ്സ്കഴിഞ്ഞ 3 വ്യക്തികൾ പ്രസ്തുത വീടുകളിൽ താമസിച്ച് വരുന്ന തായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

### 6.4 ഭൂമി വിനിയോഗവും ഉപജീവനവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമിയിൽ ഏറിയ ഭാഗവും പാർപ്പിടാവശ്യത്തിനായിട്ടാണ് ഉപയോഗിച്ചു വരുന്നത്. കൂടാതെ ചെറിയ നിലവാരത്തിലുള്ള കച്ചവടം ആവശ്യത്തിനായും രണ്ട് ഭാഗങ്ങൾ ഉപയോഗിച്ച് വരുന്ന തായും സർവ്വേയിൽ നിന്ന് വെളിവായിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി ഉപജീവനോപധിയായി ഉപയോഗിച്ച് വരുന്ന 02 കുടും ബങ്ങളുണ്ടെന്നും കാണാവുന്നതാണ്.

### 6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്ന ഭൂമിയിൽ സാമ്പ ത്തിക പ്രവർത്തനങ്ങൾക്ക് കാരണമാകുന്ന വലിയ കച്ചവട സ്ഥാപനങ്ങളോ/ വാണിജ്യ സ്ഥാപനങ്ങളോ സ്ഥിതി ചെയ്യുന്നില്ല.എന്നാൽ ഭൂമി ഏറ്റെടുക്കൽ ചെറിയ രണ്ട് കച്ചവട സ്ഥാപനങ്ങളെ ഭാഗികമായി ബാധിക്കുമെങ്കിലും അവയുടെ പ്രവർ ത്തനത്തെ തടസ്സപ്പെടുത്തുമെന്ന് കാണുന്നില്ല. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധ തി പ്രവർത്തികമാകുന്നതു മുഖേന ടി പ്രദേശത്തെ സാമ്പത്തിക പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുന്നുവെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

### 6.6 പ്രദേശിക ഉപജീവനത്തിന് കാരണമാകുന്ന ഘടകങ്ങൾ

പൊതുജനങ്ങൾ സമ്മേളിക്കുന്ന ബൃഹത്തായ കച്ചവട/വാണിജ്യ സമുച്ചയ ങ്ങളോ പ്രശസ്തമായ ആരാധനാലയങ്ങളോ മുഖേന ബാധിത കുടുംബങ്ങൾക്ക് ഉപ ജീവനത്തിന് കാരണമാകുന്ന സംരംഭങ്ങളൊന്നും ഏറ്റെടുക്കൽ പ്രദേശത്ത് ഉൾപ്പെട്ട് വരുന്നതായി കാണുന്നില്ല.

### 6.7 രക്തബന്ധക്രമങ്ങളും സാമൂഹിക സാംസ്ക്കാരിക സംഘടനയും

പൊതുസ്ഥലങ്ങൾ ഒഴിച്ച് നിറുത്തിയാൽ ഏറ്റെടുക്കേണ്ടുന്ന ഭൂമി 21 കുടുംബ ങ്ങളുടേയും 02 സ്ഥാപനങ്ങളുടേയും കൈവശത്തിലാണ്. ഇതിൽ 17 ഭൂവിഭാഗങ്ങൾ പാരമ്പര്യമായി നിലവിലെ ഭൂവുടമകൾക്ക് ലഭ്യമായതാണെന്നാണ് സർവ്വേയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ബാധിയ്ക്കപ്പെടുന്ന ഭൂവുടമകളെ/ കുടുംബങ്ങളെ മൊത്തമായി വിലയിരുത്തിയതിൽ 19 എണ്ണം ന്യൂക്ളിയർ കുടുംബമായി കഴിഞ്ഞു വരുന്നവരാണെ ന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 02 എണ്ണം കൂട്ടു കുടുംബമായി കഴിഞ്ഞ് വരുന്നുണ്ടെന്നും അറിയുന്നു.

## 6.8 ഭരണസംഘടനകൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂപ്രദേശത്ത് ഒരു തരത്തിലുമുള്ള ഭരണ സംഘടനകളുടെ കാര്യാലങ്ങൾ പ്രവർത്തിച്ച് വരുന്നില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ ഓഫീസ് പ്രവർത്തിച്ചുവരുന്ന/ നടന്നു വരുന്ന കെട്ടിടങ്ങളൊന്നും തന്നെ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂമിയിൽ നില നിൽക്കുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല.

## 6.10 സാമൂദായികാധിഷ്ടിത പൗരസംഘടനകൾ

ബാധിത പ്രദേശത്ത് സാമൂദായികാധിഷ്ടിത പൗരസംഘടനകളുമായി ബന്ധ പ്പെട്ട കാര്യാലയങ്ങൾ ഒന്നും തന്നെ പ്രവർത്തിച്ച് വരുന്നതായി കാണുന്നില്ലായെ ന്നാണ് ഇൻവെസ്റ്റിഗേഷനിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ദേവസ്വം വക ഭൂമി യുടെ ഒരു ഭാഗം അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്നുണ്ട്. മേൽപ്പടി സ്ഥാപനത്തിന്റെ ഓഫീസ് കെട്ടിടത്തെയോ അതിന്റെ പ്രവർത്തനത്തെയോ നിർദ്ദിഷ്ട ഭൂമി ഏറ്റെടു ക്കൽ ഒരു തരത്തിലും ബാധിക്കുന്നതല്ലായെന്നും പഠന സംഘത്തിന് ബോദ്ധ്യപ്പെട്ടി ട്ടുണ്ട്.

## 6.11 പ്രദേശിക ചലനാത്മകതയും ചരിത്രപരമായ പരിണാമ പ്രക്രിയയും

പദ്ധതി നടപ്പിലാകുന്നതോടെ നിർദ്ദിഷ്ട പ്രദേശത്തിന്റെ നിലവാരവും പ്രദേശ ത്തിലെ ജനസമൂഹത്തിന്റെ പ്രതീക്ഷകളും ഉയരുന്ന തരത്തിലുള്ള ഒരു ചലനാത്മകത സൃഷ്ടിയ്ക്കപ്പെടാമെന്ന് കാണേണ്ടി വരുന്നുണ്ട്. ചരിത്രപരമായി പ്രധാന്യം അർഹി ക്കുന്ന ഭൗതിക സംഗതികളൊന്നും തന്നെ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള പ്രദേശത്ത് ഇല്ലാത്തതിനാൽ പദ്ധതി മുഖേന ചരിത്രപരമായ മാറ്റങ്ങളൊന്നും തന്നെ സംഭവിക്കേണ്ടുന്ന സാഹചര്യമില്ലായെന്നാണ് നിരീക്ഷിക്കാൻ സാധിക്കുന്നത്. എന്നാൽ നിർദ്ദിഷ്ട പദ്ധതി വളരെ പ്രധാനപ്പെട്ടതല്ലെങ്കിലും പ്രദേശത്തെ സംബന്ധി ച്ചിടത്തോളം ചരിത്ര പ്രാധാന്യമുള്ള ഒരു സംരംഭമായി മാറാവുന്ന സാഹചര്യമുണ്ടെ ന്നും നിരീക്ഷിക്കേണ്ടി വരുന്നുണ്ട്.

## 6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതിയാൽ ബാധിക്കാപ്പെടുന്ന കുടുംബങ്ങൾ ഇടത്തരം ജീവിത സാഹചര്യ ങ്ങളിൽ കഴിഞ്ഞ് വരുന്നതായിട്ടാണ് സർവ്വേയിൽ നിന്ന് വെളിവായിട്ടുള്ളത്. തിരുമല വില്ലേജിൽപ്പെടുന്ന ഭൂവിഭാഗങ്ങൾ ടൗണിനോട് ചേർന്നുള്ള പ്രദേശമായതിനാൽ അടി സ്ഥാന സൗകര്യങ്ങളുടെ ലഭ്യത ജീവിത നിലവാരത്തെ ഒരു പരിധിവരെ ഉയർത്തി നിറുത്തുന്നുണ്ട്. കൂടാതെ ഇടത്തരം സാമ്പത്തിക ശേഷിയിലുള്ളവരായതിനാൽ ജീവിത നിലവരം അതേപടി നിലനിറുത്താൻ സാധിക്കുകയും ചെയ്യുന്നുണ്ട്.

## അദ്ധ്യായം 7

# സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 4–ാം വകുപ്പിലെ 6–ാം ഉപവകുപ്പ് അനുസരിച്ച് സാമൂഹിക പ്രത്യാഘാത അവലോകന പ്രക്രിയയിൽ സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. പദ്ധതിയാൽ ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ അഭിമുഖീകരിക്കുന്നതിന് ഏറ്റെടുക്കേണ്ട അഭിവൃദ്ധിപ്പെടുത്തൽ നടപടികൾ ലിസ്റ്റ് ചെയ്ത് കൊണ്ടുള്ള ഒരു സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയ്ക്കാണ് രൂപം നൽകേണ്ടത്. ഇങ്ങനെയുള്ള നടപടികൾ ഒരു സ്കീമിൻ കീഴിലോ പ്രോഗ്രാമിൻ കീഴിലോ അതത് സംഗതികളിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ വ്യവസ്ഥ ചെയ്യുന്നതിനെക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ലായെന്നും സൂചിപ്പിക്കുന്നുണ്ട്.

### 7.1 <u>ലഘുകരണ സമീപനം</u>

പദ്ധതിയുടെ നിർമ്മാണ വേളയിലും പ്രവർത്തനത്തിലും ഉണ്ടാകാനിടയുള്ള ചുതുക്കം ചില സാമൂഹിക പ്രത്യാഘതങ്ങൾ ചിട്ടയായ വിലയിരുത്തലിലൂടെ, പഠന സംഘം തിരിച്ചറിയുകയും അവ കൈകാര്യം ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനുമായി ഏറ്റെടുക്കേണ്ടുന്ന ആശ്വാസ നടപടികൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തിരിച്ചറിഞ്ഞ വിവിധ തരം ആശ്വാസ നടപടികളുടെ സംഗ്രഹം ഈ അദ്ധ്യയത്തിൽ അവസാന ഭാഗത്ത് വിശദമായി അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. സാധാരണയായി ഭൂമി ഏറ്റെടുക്കൽ വിഷയത്തിലെ ഏറ്റവും ശ്രദ്ധേയമായ സംഗതി ഭൂമി, പാർപ്പിടം, ഉപജീവന മാർഗ്ഗം എന്നിവ നഷ്ടപ്പെടുന്നതു മൂഖേന ഉണ്ടാകുന്ന ആഘാതത്തിന്റെ തീവ്രതയാണ്. ഇത് ഉണ്ടാക്കുന്ന മാനസ്സിക/ ഭൗതിക ബുദ്ധിമുട്ടുകൾ അളന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ലെന്നതാണ് യാഥാർത്ഥ്യമായി നിലനിൽക്കുന്നത്. ഭൗതികമായ നഷ്ടത്തിനപ്പുറം വൈകാരിക ബന്ധമുള്ള സ്വത്തുക്കളുടെ നഷ്ടമാണ് പലപ്പോഴും ഉണ്ടാകുന്നത്. അതിനാൽ ബാധിത സമൂഹത്തിന്റെ ഭൗതികവും വൈകാരികവുമായ നഷ്ടങ്ങളെ പരിഗണിച്ചു കൊണ്ടുള്ള ഒരു സമീപനമാണ് ലഘൂകരണ നടപടികളിൽ സ്വീകരിക്കേണ്ടതായിട്ടുള്ളത്.

നഷ്ടപരിഹാരം നിർണയിക്കുന്ന വിഷയത്തിൽ നിയമം ഉദ്ദേശിക്കുന്ന അർത്ഥത്തിലും, ഭൂവുടമകൾക്ക് സ്വീകാര്യവുമായ നിലവാരത്തിലും എത്താൻ ശ്രമിക്കേണ്ടതുണ്ട്. ഏറ്റെടുക്കലിനെ തുടർന്ന് ഭാഗികമായ രീതിയിൽ ഭൂമിയോ കെട്ടിടമോ അവശേഷിക്കുന്നുവെങ്കിൽ, വകുപ്പ് 94 പ്രകാരം ഭൂവുടമയുടെ അഭിപ്രായം അനുസരിച്ചുള്ള ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു സാങ്കേതിക തടസ്സവും ഉണ്ടാകുന്നത് അഭികാമ്യമല്ല. ഏറ്റെടുക്കുന്ന ഭൂമിയുമായി ചേർന്ന് വരുന്ന ചമയങ്ങൾക്കും കൂടി ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തേണ്ടതുമുണ്ട്. കൂടാതെ നഷ്ടപരിഹാരം നൽകിയ ശേഷം മാത്രം ഭൂമിയും മറ്റ് സ്വത്തുക്കളും ഏറ്റെടുക്കുക, ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം ഉണ്ടാകാതിരിക്കുക, മുഴുവൻ നടപടികളിലും സുതാര്യത ഉറപ്പാക്കുക, ഭൂവുടമകളെ വിശ്വാസത്തിൽ എടുത്ത് കൊണ്ട് തന്നെ

ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുക തുടങ്ങിയ സമീപനങ്ങൾ ആഘാത ദൂരികരണത്തിന് ഏറെ പ്രയോജനം ചെയ്യുമെന്ന് കാണുന്നു.

## 7.2 ആഘാതം ഒഴിവാക്കുന്നതിനോ, ലഘൂകരിക്കുന്നതിനോ, നഷ്ടം നികത്തുന്നതിനോ വേണ്ടിയുള്ള നടപടികൾ

ബാധിത സമൂഹത്തിൽ, സാധാരണയായി ഭൂമി നഷ്ടപ്പെടുന്നവർ, ഭൂമിയും പാർപ്പിടവും ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെടുന്നവർ, ജീവനോപാധികൾ/ തൊഴിൽസ്ഥാപനങ്ങൾ/തൊഴിലുകൾ നഷ്ടപ്പെടുന്നവർ തുടങ്ങി വിവിധ തരത്തിലുള്ള ആഘാതങ്ങൾ ഏൽക്കേണ്ടി വരുന്നവരുണ്ട്. ഇതിനു പുറമേ പൊതു സാമൂഹിക സ്വത്തുക്കളും പശ്ചാത്തല സൗകര്യങ്ങളും ബാധിയ്ക്കപ്പെടാം. ഇതിനുവേണ്ടി 29 –12–2017 ലെ ജി.ഒ.(കൈയെഴുത്ത്) നമ്പർ 448/2017 ആർ.ഡി.സർക്കാർ ഉത്തരവ് പ്രകാരമുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജും നിയമത്തിൽ മൂന്നാം ഷെഡ്യൂളായി പരാമർശിച്ചിട്ടുള്ള പശ്ചാത്തല സംവിധാനവും കൊണ്ട് ആഘാതങ്ങൾക്ക് ഒരു പരിധി വരെ ദൂരീകരണം ഉണ്ടാക്കാവുന്നതാണ്.

ഈ കേസിൽ ശിപർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കുന്നതുമുഖേന 40% ലേറെ ബാധിക്കുന്ന രണ്ട് പാർപ്പിട കെട്ടിടങ്ങൾ ഒഴിച്ച് നിറുത്തിയാൽ പ്രദേശത്ത് കാര്യമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നില്ല. ടികെട്ടിടങ്ങളുടെ അവശേഷിക്കുന്ന ഭാഗം നിലനിറുത്തി തുടർന്ന് ഉപയോഗിയ്ക്കാമെന്ന് കെട്ടിട ഉടമകൾ തീരുമാനിയ്ക്കുന്ന പക്ഷം ഏറ്റെടുക്കുന്ന ഭൂമിയ്ക്കും മറ്റ് ആസ്തികൾക്കും ന്യായമായതും ആകർഷകവുമായ നഷ്ടപരിഹാരം നൽകികൊണ്ട് ഭൂവുടമകൾക്ക് ആശ്വാസം പ്രദാനം ചെയ്യാൻ കഴിയുമെന്നും വിലയിരുത്തുന്നു.അതിനാൽ അധികആശ്വാസ നടപടികൾക്ക് വലിയ പ്രസക്തിഉള്ളതായി കാണുന്നില്ല. നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ശിപാർശയെ സംബന്ധിച്ച് ഭൂവുടമകൾ പ്രത്യേക ആക്ഷേപമോ തടസ്സമോ ഉന്നയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഠന സംഘം തിരിച്ചറിഞ്ഞ് ശിപാർശ ചെയ്യേപ്പെടേണ്ട അധിക ആശ്വാസ നടപടികൾക്ക് ഇവിടെ ഒരു പ്രസക്തിയും ഇല്ലായെന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്.

## 7.3 പുനരധിവാസം, പുനഃസ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ

2013 ലെ ഭൂമിയേറ്റെടുക്കൽ നിയമനുസരിച്ച് കുടിയിറക്കപ്പെടുന്ന ജനസമൂഹത്തിന് പുനരധിവാസ പുനഃസ്ഥാപന അവകാശം പ്രദാനം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യം പരിഗണിച്ച്, നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് കുടിയിറക്കപ്പെടുന്ന സമൂഹത്തിന് കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ പുനഃസ്ഥാപന സംവിധാനം ലഭ്യമാക്കുന്നതിനുള്ള ഒരു നയത്തിന് 29 .12.2017 ലെ ജി.ഒ. (കൈ) നമ്പർ 448/2017/ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. 2013 നിയമത്തിലെ വകുപ്പ് 31 അനുസരിച്ചാണ് കുടിയിറിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ പുനഃസ്ഥാപന പാക്കേജിന്റെ ആനുകുല്യം ലഭിക്കുന്നത്. ബാധിത കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് കൊണ്ട്, ഏറ്റെടുക്കുന്ന സ്വത്ത് വകകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പുറമേയാണ് പുനരധിവാസ പുനഃസ്ഥാപന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്ന

ത്. ഇതനുസരിച്ച് വീട് നഷ്ടപ്പെടുന്നവർക്ക് പകരം വീട്, ജലസേചന പദ്ധതികൾക്കു വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ പകരം ഭൂമി, നഗരവൽക്കരണത്തിനാണ് ഏറ്റെടുക്കുന്നതെങ്കിൽ വികസിപ്പിച്ചെടുത്ത ഭൂമിയുടെ 20% നഷ്ടപരിഹാരത്തിന് തുല്യമായ നിരക്കിൽ ഭൂവുടമകൾക്കായി സംവരണം, തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിൽ അഥവാ ഒറ്റത്തവണ ധനസഹായം അല്ലെങ്കിൽ 20 വർഷത്തേക്ക് വാർഷിക വേതനം, ഉപജീവനഗ്രാന്റ്, ഗതാഗത ചെലവ്, പുനഃസ്ഥാപന സഹായം എന്നിവ ലഭിക്കുന്നതിനുള്ള അവകാശങ്ങൾ ഉണ്ട്.

ഏറ്റെടുക്കുന്ന ഭൂമിയുടേയും അതിലെ ചമയങ്ങളുടേയും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് പാലിക്കേണ്ടുന്ന നടപടി ക്രമങ്ങൾ നിയമത്തിൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഭൂമിയുടെ കമ്പോള വില നിർണ്ണയിക്കുന്നതിന്, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സമാന തരത്തിലുള്ള ഭൂമികളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാരങ്ങളിൽ ഏറ്റവും കൂടിയ വിൽപ്പനവില സൂചിപ്പിച്ചിട്ടുള്ള അമ്പത് ശതമാനം ആധാരങ്ങളിലെ വിലയുടെ ശരാശരിയോ, പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഏറ്റെടുത്തിരുന്ന ഭൂമിക്ക് അനുവദിച്ചിരുന്ന തുകയോ പരിഗണിച്ച ശേഷം, ഗ്രാമ പ്രദേശമാണെങ്കിൽ, നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഒരു ഗുണന ഘടകത്തിന്റെ ഫലവും ചേർത്ത് പരിഗണിക്കുന്നു. ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട ചമയങ്ങൾ അഥവാ മറ്റ് ആസ്തികളുമായി ബന്ധപ്പെട്ട വിലയും ചേർത്ത് കിട്ടുന്ന് തുകയുടെ 100% തുക കൂടി സൊലേഷ്യമായും ചേർത്താണ് ഭൂവുടമയ്ക്ക് നൽകുന്നത്. കൂടാതെ വൃക്ഷങ്ങൾ ഉണ്ടെങ്കിൽ വനം/ കൃഷി വകുപ്പുമായി ചേർന്ന് അവയുടെ വിലയും നിർണയിച്ച് നൽകുന്നു.

## 7.4 പദ്ധതി റിപ്പോർട്ടിൽ തന്നെ അർത്ഥനാധികാരി ഏറ്റെടുക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ള നടപടികൾ

പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടേയും അതിലെ ചമയങ്ങളുടേയും ചെലവ് വഹിക്കുന്നത് കൂടാതെ മറ്റ് പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുക്കാൻ നിലവിൽ തീരുമാനങ്ങളില്ലായെന്നാണ് അർത്ഥനാധികാരിയിൽ നിന്ന് പഠന സംഘത്തിന് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

## 7.5 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ വേളയിൽ തിരിച്ചറിഞ്ഞ പദ്ധതി രൂപകൽപനയിലെ മാറ്റങ്ങൾ, വിവിധ ഗ്രൂപ്പുകളിലുടനീളമുള്ള ആഘാതങ്ങളുടെ വ്യാപ്തിയും തീവ്രതയും പരിഹരിക്കുന്നതിന് ആവശ്യമായ അധിക നടപടികൾ

കരമന നദിയിൽ മുടവൻമുഗൾ ഭാഗത്ത് ഇരുകരകളിലും എത്തിനിൽക്കുന്ന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പാലം നിർമ്മിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത് നിലവിൽ കോർപ്പറേഷൻ സജീകരിച്ചിട്ടുള്ള കടത്ത് തോണിയാണ് നദി മുറിച്ച് കടക്കാൻ പ്രദേശവാസികൾ ഉപയോഗിച്ച്വരുന്നത്. നദിയുടെ ഇരുകരകളിലും എത്തിനിൽക്കുന്ന റോഡുകളുടെ വീതി പുതുതായി നിർമ്മിക്കുന്ന പാലത്തിനനുസൃതമായി കൂട്ടാനുമാണ് ഭൂമി അധികമായും ഏറ്റെടുക്കേണ്ടിവരുന്നത്. നിലവിലുള്ള റോഡ്ഇടുങ്ങിയതായിനാൽ അവയുടെ വീതികൂട്ടിയാൽ മാത്രമേ പാലം കൊണ്ട് ഉദ്ദേശിക്കുന്ന

പ്രയോജനം പൂർണ്ണമായ രീതിയിൽ ജനങ്ങൾക്ക് ലഭിക്കുയുള്ളുവെന്നും നിരീക്ഷിക്കുന്നു. നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം ഭൂവുടമകളെ അധികമായി ദോഷപ്പെടുത്താതെ തന്നെ ഉദ്ദേശം സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമമാണ് അർത്ഥാധികാരിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളതെന്നാണ് പഠന സംഘത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. 40% ലേറെ ബാധിക്കുന്ന രണ്ട് പാർപ്പിട കെട്ടിടങ്ങൾ ഒഴിച്ച് നിറുത്തിയാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പ്രദേശത്ത് കാര്യമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നില്ല. ടി കെട്ടിടങ്ങളുടെ അവശേഷിക്കുന്ന ഭാഗം നിലനിറുത്തി കൊണ്ട് അവ തുടർന്ന് ഉപയോഗിയ്ക്കാമെന്ന് കെട്ടിട ഉടമകൾ തീരുമാനിയ്ക്കുന്ന പക്ഷം ഏറ്റെടുക്കുന്ന ഭൂമിയ്ക്കും മറ്റ് ആസ്തികൾക്കും ന്യായമായതും ആകർഷകവുമായ നഷ്ടപരിഹാരം നൽകികൊണ്ട് ഭൂവുടമകൾക്ക് ആശ്വാസം പ്രദാനം ചെയ്യാൻ കഴിയുമെന്നും വിലയിരുത്തുന്നു. അതിനാൽ അധിക ആശ്വാസ നടപടികൾക്ക് വലിയ പ്രസക്തി ഉള്ളതായി കാണുന്നില്ല. അതുകൊണ്ട് തന്നെ ആഘാത ദൂരീകരണത്തിനായി പദ്ധതി രൂപകൽപ്പനയിൽ പ്രത്യേകിച്ച് ഏതെങ്കിലും മാറ്റങ്ങൾ പഠന സംഘം ഗൗരവമായി ശിപാർശചെയ്യുന്നില്ല.

ഡെവലപ്പറുമായി സംവദിച്ചതിൽ 09-10--2019 നാണ് പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും 25-10-20219 ൽ സ്ഥലംഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ജില്ലാകളക്ടർക്ക് സമർപ്പിച്ചിരുന്നുവെന്നും അറിയാൻകഴിഞ്ഞു. 2019 ലെ സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ചാണ് പദ്ധതി ചെലവ് കണക്കാക്കി ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ച് നദിയുടെ ഇരുകരകളിലും ഉദ്ദേശം 10 മീറ്റർ ദൂരത്തിൽ കര ഭാഗത്തോട്ട് കയറി അവസാനിക്കുന്ന തരത്തിലാണ് പാലം ഡിസൈൻ ചെയ്തിട്ടുള്ളത്.

തിരുമല വില്ലേജിൽപ്പെടുന്ന പദ്ധതി പ്രദേശത്ത് നദിയുടെ തിരത്ത് നിന്ന് ഉദ്ദേശം 30 മീറ്റർ ദൂരത്തിൽ മൂന്ന് പാർപ്പിട കെട്ടിടങ്ങളുടെ സെപ്റ്റിക് ടാങ്കുകൾ അലൈൻമെന്റിൽ ഉൾപ്പെടുന്ന സാഹചര്യമുണ്ട്. ഇത് മാറ്റി സ്ഥാപിയ്ക്കാൻ ബന്ധപ്പെട്ട ഭൂവുടമകളുടെ കൈവശം ഭൂമിയില്ലായെന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്.

25-10-2019 ന് നൽകിയിരുന്ന അർത്ഥന പ്രകാരം റവന്യു ഉദ്യോഗസ്ഥർ സംയുക്ത സ്ഥലപരിശോധന നടത്തിയത് 18-11-2020 ലും സാമൂഹിക പ്രത്യാഘാത അവലോകന പഠനം നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തി കൊണ്ട് സെക്ഷൻ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് വീണ്ടും ഒരു വർഷം കഴിഞ്ഞ് അതായത് 20-10-2021- ലാണെന്നും കാണുന്നു.. ഇപ്രകാരം ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികളിൽ കാലതാമസം സംഭവിക്കുന്ന സാഹചര്യമുള്ളതിനാൽ 2019-ൽ തീരുമാനിച്ചിരുന്ന അടങ്കൽ തുക ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പഠനസംഘത്തിന് ബോദ്ധ്യപ്പടുന്നില്ല. ഈ സംഗതികൾ പരിഗണിയ്ക്കുമ്പോൾ പദ്ധതി രൂപ കൽപ്പനയിലും അടങ്കൽ തുകയിലും പരിഷ്കരണം ആവശ്യമായോക്കാവുന്ന സാഹചര്യമായതിനാൽ നദിയുടെ പടിഞ്ഞാറ് ഭാഗത്ത്വരുന്ന പാലത്തിന്റെ അഗ്രം തിരത്ത് നിന്നും 30 മീറ്റർദൂരത്തിൽ അവസാനിപ്പിക്കുന്ന തരത്തിൽ രൂപ കൽപ്പനയിൽ മാറ്റം വരുത്തിയാൽ, മാറ്റിസ്ഥാപിക്കാൻ കൈവശ ഭൂമിയില്ലാത്ത മൂന്ന് കുടുംബങ്ങൾ ഉപയോഗിച്ച്വരുന്ന സെപ്റ്റിക് ടാങ്കുകളെ സംരക്ഷിയ്ക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പടുന്നുണ്ട്.

കൂടാതെ, പദ്ധതിയുടെ നിർമ്മാണവേളയിൽ, നിർദ്ദിഷ്ട ഭൂമിയിൽ നിൽക്കുന്ന ഉദ്ദേശം 18 മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നതു മുഖേനയുള്ള പാരിസ്ഥിതിക ദോഷങ്ങളും നിലവിലുള്ള കെട്ടിടങ്ങൾ ഭാഗികമായി പൊളിക്കുന്നതു മുഖേനയുള്ള പൊടി, ശബ്ദം, പാഴ്വസ്തുക്കൾ/ നിർമ്മാണ വസ്തുക്കളുടെ സംഭരണം എന്നിവ പരിസര വാസികൾക്ക് ഉണ്ടാക്കാവുന്ന പരോക്ഷ ആഘാതവും ഗൗരവമായി പരിഗണിച്ച് പരിഹാരമാർഗ്ഗങ്ങൾ കാലേകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഡെവലപ്പർ ശ്രദ്ധിക്കേണ്ടതുണ്ട്.

## 7.6 ഓരോ ലഘൂകരണ തന്ത്രത്തിനും വിശദമായ പ്രവർത്തനങ്ങളും സമയ പരിധിയും ഉൾപ്പെടുത്തി കൊണ്ടുള്ള ലഘൂകരണ പദ്ധതി

ഭൂമിയേറ്റെടുക്കൽ വിഷയത്തിൽ സാധാരണയായി നഷ്ടപ്പെടുന്ന ഭൂമിയ്ക്കും മറ്റ് ആസ്തികൾക്കും നിയമം അനുശാസിക്കും പ്രകാരമുള്ള നടപടികളിലുടെ ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതു കൊണ്ട് മാത്രം പദ്ധതി കൊണ്ടുണ്ടാകുന്ന ആഘാതങ്ങൾ ദൂരീകരിക്കപ്പെടുകയില്ല. ഭൂമി മാത്രമായോ, ഭൂമിയും വ്യാപരസ്ഥാപനങ്ങളോ, തൊഴിൽ സംരംഭങ്ങളോ, ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുക തുടങ്ങിയ പ്രത്യക്ഷ ആഘാതങ്ങളാണ് സാധാരണയായി ബാധിത സമൂഹത്തിന് പ്രധാനമായും ഉണ്ടാകുന്നത്.

പഠനത്തിന് വിധേയമായിട്ടുള്ള ഭൂമിയേറ്റെടുക്കലിൽ മുകളിൽ വിവരിച്ചിട്ടുള്ള തരത്തിലുള്ള ആഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. കൈവശത്തിലുള്ള ഭൂമിയുടെ കുറച്ച് ഭാഗം മാത്രമാണ് പദ്ധതിയ്ക്കുവേണ്ടി ഭൂവുടമകൾക്ക് പ്രധാനമായും നഷ്ടപ്പെടുത്തേണ്ടി വരുന്നത്. ഭൂവുടമകളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഭൂമിയ്ക്കും അതിനോട് ചേർന്ന ആസ്തികൾക്കും നിയമം നിഷ്കർഷിക്കുന്ന തരത്തിൽ ന്യായമായതും സ്വീകര്യവുമായ നഷ്ടപരിഹാരം നൽകാൻ കഴിയുന്നതോടെ ടി നഷ്ടപ്പെടലിലൂടെ ഉണ്ടാകുന്ന ആഘാതം/ ഉൽകണ്ഠ പരിഹരിയ്ക്കപ്പെടാമെന്ന് കാണാവുന്നതാണ്.

ഭൂമി പൂർണ്ണമായോ, ഭാഗികമായോ മാത്രം നഷ്ടപ്പെടുന്നതുൾപ്പെടെ വിവിധങ്ങളായ ആഘാതങ്ങകൾക്ക് വിധേയരാകുന്ന ബാധിത കുടുംബങ്ങൾക്ക് അവയ്ക്കുള്ള നഷ്ടപരിഹാരത്തിന് പുറമേ ലഭ്യമാക്കേണ്ടുന്ന ആശ്വാസ നടപടികൾ നിയമത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ തന്നെ കൂടുതൽ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള നയത്തിന് സംസ്ഥാന സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്..

**നയതീരുമാനത്തിലെ പ്രധാന വ്യവസ്ഥകൾ താഴെ വിവരിക്കുന്നു.**

| കമ നമ്പർ | ആഘാതത്തിന്റെ സ്വഭാവം | നിയമം/ ചട്ടങ്ങളിലെ വ്യവസ്ഥകൾ |
|---|---|---|
| 1 | ഭൂമി നഷ്ടപ്പെടൽ (ഭാഗികം /പൂർണ്ണം) | (1) സെക്ഷൻ 26 മുതൽ 30 വരെയുള്ള വ്യവസ്ഥകൾക്ക് അനുസൃതമായ നഷ്ട പരിഹാരം. |
| | | (2) ജലസേചന പദ്ധതികൾക്കായിട്ട് കൃഷി ഭൂമിയാണ് ഏറ്റെടുക്കുന്നതെങ്കിൽ ഓരോ കൈവശക്കാരനും കമാൻഡ് ഏരിയായിൽ കുറഞ്ഞത് ഒരേക്കർ ഭൂമി വീതം നൽകുന്നു. |
| | | (3) പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ട വരുടെ ഭൂമിയാണ് ഏറ്റെടുക്കുന്നതെ ങ്കിൽ തുല്യ അളവിലോ അല്ലെങ്കിൽ രണ്ടര ഏക്കർ ഭൂമിയോ ഇവയിലേ താണോ കുറവ് അത് നൽകുന്നു. |
| | | (4) നഗരവൽക്കരണത്തിനാണ് ഏറ്റെടു ക്കുന്നതെങ്കിൽ വികസിപ്പിച്ച ഭൂമിയുടെ 25% ഏറ്റെടുത്ത ഭൂമി വിലയ്ക്ക് ആനു പാതികമായി ഭൂവുടമക്ക് വാഗ്ദാനം ചെ യ്യുന്നു. |
| 2 | ഭൂമിയും, പാർപ്പിടം/കെട്ടിടം നഷ്ടപ്പെടൽ | (1) ഭൂമിയ്ക്കും ചമയങ്ങൾക്കും നഷ്ടപ രിഹാരം നൽകുന്നു. |
| | | (2) ഗ്രാമപ്രദേശത്തിലെ വീടാണ് ഏറ്റെടു ക്കുന്നതെങ്കിൽ ഇന്ദിരാ ആവാസ് യോജനാ വ്യവസ്ഥയനുസരിച്ച് നിർമ്മി ച്ചിട്ടുള്ള വീട് നൽകുന്നു. പട്ടണപ്രദേശ ത്തുള്ള വീടാണ് നഷ്ടപ്പെടുന്നതെങ്കിൽ 50ച.മീ. കുറായാത്ത തറ വിസ്തീർണ്ണ മുള്ള വീട് നൽകുന്നു. |
| | | (3) പദ്ധതി പ്രദേശത്ത് മുന്ന് വർഷമായി താമസിച്ച് വരുന്നതും കുടിയിറക്കപ്പെടു ന്നതും, സ്വന്തമായി വീടും പറമ്പും ഇല്ലാത്തതുമായ കുടുംബങ്ങൾക്കും ടി ആനുകൂല്യം ലഭ്യമാക്കുന്നു. |

| | | |
|---|---|---|
| | | ടി തരത്തിലുള്ള ആനുകൂല്യം തെരഞ്ഞെടുക്കാത്ത പക്ഷം വീട് നിർമ്മാണത്തിനായി മൂന്ന് ലക്ഷം രൂപ ധനസഹായമായി നൽകുന്നു. |
| | | (4) തൊഴിൽ ഉറപ്പ് വരുത്തേണ്ടുന്ന സംഗതികളിൽ, പ്രോജക്ട് മുഖേന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കുടിയിറക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിനെങ്കിലും തൊഴിലിന് അർഹത ലഭിക്കുന്നു. അല്ലെങ്കിൽ കുടുംബത്തിന് അഞ്ച് ലക്ഷം രൂപയുടെ ഒറ്റത്തവണ ധനസഹായം അല്ലെങ്കിൽ 20 വർഷത്തേക്ക് മാസന്താറും 3000 രൂപ ലഭിക്കത്തക്ക രീതിയിലുള്ള ആനൂറ്റി പോളിസി. |
| | | (5) ഉപജീവന ബത്തയായി മാസന്തോറും 5000/-രൂപ ഒരു വർഷത്തേക്ക് ലഭ്യമാക്കുന്നു. |
| | | (6) കുടിയിറക്കപ്പെടുന്നതുമായി ബന്ധപ്പെട്ട്, സാധനസാമഗ്രികൾ മാറ്റുന്നതിനും യാത്രയ്ക്കുമായി 50,000/-രുപായുടെ ഒറ്റ ത്തവണ ധനസഹായം നൽകുന്നു. |
| | | (7) പുനഃസ്ഥാപന ചെലവിനായി കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നു. |
| 3 | കാലിത്തൊഴുത്ത്/ചെറുഷോപ്പുകളുടെ നഷ്ടപ്പെടൽ | കാലി തൊഴുത്ത്/ പെറ്റി ഷോപ്പ് പുനർനിർമ്മിക്കുന്നതിനായി 25,000/- രൂപ മുതൽ പരമാവധി 50,000/- രൂപ വരെയുള്ള ധനസഹായം ബാധിത കുടുംബത്തിന് ലഭ്യമാക്കുന്നു. |
| 4 | കരകൗശല സംരംഭം/ചെറുകിട കച്ചവടം/ സ്വയം തൊഴിൽ സംരം ഭം ഇവയുടെ നഷ്ടപ്പെടൽ | ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ ഉൾപ്പെടുന്ന കുടുംബം അല്ലെങ്കിൽ കാർഷികേതര ഭൂമി/വ്യവസായ/ വാണിജ്യ/ ചമയങ്ങൾ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം ലഭ്യമാക്കുന്നു. |

| | | |
|---|---|---|
| 5 | വാടകാടിസ്ഥാനത്തിലുള്ള വാണിജ്യസ്ഥാപനങ്ങളുടെ നഷ്ടപ്പെടൽ | വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കുകൾ/ കമ്പനികൾ/ ധനകാര്യ സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് അവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി രണ്ട് ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നു. |
| 6 | വാണിജ്യസ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്നവരുടെ തൊഴിൽ നഷ്ടപ്പെടൽ | മൂന്ന് വർഷത്തിലേറെയായി ജോലി ചെയ്ത വരുന്ന വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കാനായി മാസന്തോറും 6000/- രൂപാ നിരക്കിൽ ആറ് മാസകാലയളവിൽ ധനസഹായം ലഭ്യമാക്കുന്നു. |
| 7 | വാടക അടിസ്ഥാനത്തിലുള്ള പാർപ്പിടം നഷ്ടപ്പെടൽ | താമസം മാറ്റുന്നതിനുള്ള ചെലവിനത്തിൽ 30,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം ലഭ്യമാക്കുന്നു. |
| 8 | സർക്കാർ ഭൂമിയിൽ നടത്തി വരുന്ന കച്ചവടം നഷ്ടപ്പെടൽ | മൂന്ന് വർഷത്തിലേറെയായി നടത്തിയിരുന്ന സർക്കാർ ഭൂമിയിലെ കച്ചവട സ്ഥാപനങ്ങൾ നിറുത്തേണ്ടി വരുന്ന പക്ഷം മാസന്തോറും 5,000/- രൂപ നിരക്കിൽ ആറ് മാസ കാലയളവിലേക്ക് ധനസഹായവും ചമയങ്ങളുടെ വിലയും നൽകുന്നു. |
| 9 | ആരാധനാലയങ്ങളെ ബാധിക്കൽ | ഭൂമി വിലയും ചമയങ്ങളുടെ വിലയും നൽകുന്നത് കൂടാതെ ആരാധനാലങ്ങൾ മാറ്റുന്നയിനത്തിലുള്ള യഥാർത്ഥ ചെലവ് അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ ലഭ്യമാക്കുന്നതാണ്. |

## 7.7 ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും, നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമല്ലാത്തതാണെന്നും അർത്ഥനാധി കാരി സൂചിപ്പിച്ചിട്ടുള്ള നടപടികൾ

ബാധിത സമൂഹത്തിന് ഉണ്ടാകാനിടയുള്ള ആഘാതങ്ങൾ ദൂരീകരിക്കുന്ന വിഷയ ത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് ലഭ്യമാക്കുന്നത് ഒഴിച്ച് നിറുത്തിയാൽ പ്രത്യേകിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ/നടപടികൾ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണന്നോ നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏതെങ്കിലും നടപടികൾ ഏറ്റെടുക്കാൻ കഴിയുകയി ല്ലന്നോ എന്ന തരത്തിലുള്ള അഭിപ്രായമൊന്നും ഡെവലപ്പറിന്റെ ഭാഗത്ത് നിന്ന് പഠന സംഘത്തിന് ലഭിച്ചിട്ടില്ല.

എന്നാൽ 7.5 ൽ വിവരിച്ച പ്രകാരമുള്ള പരോക്ഷ ആഘാതങ്ങൾക്ക് ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ ഡെവലപ്പറുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുവെന്ന് ഭൂമി ഏറ്റെടു ക്കൽ അധികാരിയും ജില്ലാകളക്ടറും ഉറപ്പാക്കേണ്ടതുണ്ടെന്നും, ബോദ്ധ്യപ്പെടുന്നുണ്ട്.

## അദ്ധ്യായം 8

## സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന ചട്ടക്കൂട്

ഭൂമി ഏറ്റെടുക്കുന്ന നടപടികളിലും പുനരധിവാസ പുനഃസ്ഥാപന അവകാശങ്ങൾ ലഭ്യമാക്കുന്ന വിഷയത്തിലും വിവിധ അധികാര സ്ഥാനങ്ങൾ നിശ്ചയിച്ച് കൊണ്ട്, നിർവ്വഹണ ഉത്തരവാദിത്വവും അവയ്ക്കുള്ള സമയക്രമവും ബന്ധപ്പെട്ട നിയമ ത്തിലും ചട്ടങ്ങളിലുമായി നിർദ്ദേശിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ സ്വഭാവം, വിസ്തൃതി, ഉദ്ദേശം, ഉണ്ടാകാവുന്ന പരാതികൾ/ ആക്ഷേപങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് അധികാരസ്ഥാനങ്ങളെ നിശ്ചയിച്ചിട്ടുള്ളതെന്നും ബോദ്ധ്യപ്പെ ടുന്നുണ്ട്.

കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഭരണ നിർവ്വഹണ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജില്ലകളക്ടർ, പുനരധിവാസ പുനഃസ്ഥാപനത്തിനുള്ള കമ്മിഷ ണർ, അഡ്മിനിസ്ട്രേറ്റർ, ഭൂമി ഏറ്റെടുക്കൽ അധികാരി തുടങ്ങിയവർക്കുള്ള ഉത്തര വാദിത്വങ്ങൾ കൂടാതെ, പൊതുമരാമത്ത്, കൃഷി, വനം വകുപ്പുകൾക്കും ഈ വിഷയ ത്തിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടാതായിട്ടുണ്ട്. കൂടാതെ വിവിധ അതോറിട്ടി കൾ, കോടതികൾ എന്നി സ്ഥാപനങ്ങളുടെ ഇടപെടലുകളും ഇതിൽ ഉൾപ്പെട്ടുവരുന്നു ണ്ടെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

## 8.1 സ്ഥാപന ഘടനകളുടെ വിവരണവും ഓരോ ലഘൂകരണനടപടി കൾക്കും ഉത്തരവാദികളായ വ്യക്തികളും

ഭൂമി ആവശ്യപ്പെടുന്ന സ്ഥാപനം (അർത്ഥനാധികാരി) ഉൾപ്പെടെ പുനരധിവാസ-പുനഃസ്ഥാപന കമ്മീഷണർ, അഡ്മിനിസ്ട്രേറ്റർ, ജില്ലകളക്ടർ, ഭൂമി ഏറ്റെടുക്കൽ അധികാരി തുടങ്ങിയവർക്ക് ആഘാത ദൂരീകരണ പ്രവർത്തനങ്ങളിൽ വ്യക്തമായ ചുമതലകൾ നിയമം/ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആഘാതം അനുഭവിയ്ക്കേണ്ടി വരുമെന്ന് കണ്ടെത്തുന്ന ബാധിത കുടുംബങ്ങളുടെയും വ്യക്തികളുടേയും വിവര ങ്ങൾ ശേഖരിച്ച് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചു കൊണ്ട് തയ്യാ റാക്കുന്ന പരിഹാര മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന ശിപാർശയുടെ കരട് പ്രസിദ്ധികരിക്കു കയും, അക്ഷേപങ്ങളും പരാതികളും സ്വീകരിക്കുകയും അവ പരിഹരിച്ചു കൊണ്ടു ള്ള അന്തിമ ശിപാർശ പുനരധിവാസ-പുനഃ സ്ഥാപന കമ്മിഷണർക്ക് നൽകേണ്ടതു മുണ്ട്. കമ്മീഷണറുടെ അംഗീകാരത്തിൻ പ്രകാരം പുനരധിവാസ പുനഃസ്ഥാപന പാക്കേജ് കൂടി ഭൂമി ഏറ്റെടുക്കൽ നടപടികളൊടൊപ്പം സമയ ബന്ധിതമായി പ്രാവർത്തികമാക്കുന്നു. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് അർഹതപ്പെട്ട കുടും ബങ്ങൾക്കും വ്യക്തികൾക്കും ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്വം പുനരധിവാസ -പുനഃസ്ഥാപന കമ്മിഷണർക്കും, അഡ്മിനിസ്ട്രേറ്റർക്കുമാണ്. ഈ വിഷയത്തിൽ ഉണ്ടാകുന്ന പരാതികൾ / ആക്ഷേപങ്ങൾക്ക് സെക്ഷൻ 64 പ്രകാരം ബന്ധപ്പെട്ട അതോറിറ്റിയാണ് പരിഹാരം നിർദ്ദേശിയ്ക്കാനുള്ളത്.

## 8.2.സർക്കാരിതര സ്ഥാപനങ്ങളുടേതായ പങ്കാളിത്തം ഉണ്ടെ ങ്കിൽ അത് സംബന്ധിച്ച വിവരം.

പഠന സംഘത്തിന്റെ അന്വേഷണത്തിൽ, ബാധിക്കപ്പെടുന്ന സമൂഹത്തിന് കൂടുതൽ ആശ്വാസം പ്രധാനം ചെയ്യുന്നതിന് കാരണമാകാവുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തക്ക സർക്കാരിതര സ്ഥാപനങ്ങൾ മുന്നോട്ട് വരുന്ന സാഹചര്യം പദ്ധ തി പ്രദേശത്ത് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 8.3 ആവശ്യമായ ശേഷിയും സാങ്കേതിക സഹായം ഉൾപ്പെടെ ശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതിയും ഉണ്ടെങ്കിൽ അവ സംബന്ധിച്ച സൂചനയും

ഏറ്റെടുക്കൽ മുഖേന നഷ്ടപ്പെടുന്ന ഭൂമിക്കും മറ്റ് ആസ്തികൾക്കും നഷ്ടപരി ഹാരം നൽകുന്നതു കൊണ്ട് മാത്രം ബാധിത സമൂഹത്തിനുണ്ടാകു ന്ന ആഘാതങ്ങൾ ദൂരീകരിക്കാൻ കഴിയുകയില്ലായെന്നത് ശ്രദ്ധേയമായ സംഗതിയായി നിലനിൽക്കുന്നു. അതിനാൽ ഏറ്റെടുക്കൽ നടപടികളോടൊപ്പം തന്നെ സാധാരണയായി പുനരധിവാസ പുനഃസ്ഥാപന സംവിധാനങ്ങൾ കൂടി ലഭ്യമാക്കി കൊണ്ടാണ് നടപടികൾ പൂർത്തിയാ ക്കുന്നത്. ഇതിന് പദ്ധതിയുടെ നിർവ്വഹണ വകുപ്പ്, ഭൂമിയേറ്റെടുക്കലിന് ഉത്തരവാദ

പ്പെട്ട വകുപ്പ്/ അധികാരികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയക്ക് ചുമതലകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആഘാത ദൂരീകരണ നടപടികൾ ഏറ്റെടുക്കാൻ സാങ്കേതിക സഹായം ഉൾപ്പെടെയുള്ള ശേഷി മുകളിൽ വിവരിച്ച വിവിധ സ്ഥാപനങ്ങൾക്ക് ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

എന്നാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ഏതെങ്കിലും തരത്തിലുള്ള സങ്കീർണവും ഗുരുതരവുമായ ആഘാത ദൂരീകരണ പ്രവർത്തനങ്ങൾക്ക് കാരണമാകുന്നില്ലായെന്നത് ശ്രദ്ധേയമായ വിഷയമായി നിലനിൽക്കുന്നു.

### 8.4 ഓരോ പ്രവർത്തനത്തിനും ആവശ്യമായ അനുയോജ്യ സമയക്രമം

പുനരധിവാസ പുനഃസ്ഥാപന പാക്കേജിനെ ബാധിത സമൂഹത്തിനുണ്ടാകുന്ന പ്രത്യക്ഷ ആഘാതത്തിനുള്ള ദൂരീകരണ നടപടികളായി കാണവുന്നതാണ്. ഇതിന് നിയമം/ ചട്ടങ്ങളിൽ സമയക്രമം പരാമർശിക്കുകയും ചെയ് തിട്ടുണ്ട്. പ്രസ്തുത സമയ പരിധിയിൽ നിന്ന് കൊണ്ട് തന്നെ പരോക്ഷ ആഘാതങ്ങൾക്ക് വേണ്ടി പഠന സംഘം ശിപാർശ ചെയ്യുന്ന അധിക ആശ്വാസനടപടികളും പൂർത്തിയാക്കേണ്ടതുണ്ടെന്നും കാണുന്നു.

## അദ്ധ്യായം 9

# സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി ബഡ്ജറ്റും, ലഘൂകരണത്തിനുള്ള ധനസഹായ പദ്ധതിയും

പദ്ധതിയ്ക്ക് വേണ്ട ഭൂമി പൊന്നും വിലക്കെടുക്കുന്നതിനാവശ്യമായ ചെലവിനോടൊപ്പം ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾ ദൂരീകരിക്കുന്നതിനുള്ള നിയമ /നയ രൂപീകരണ പ്രകാരമുള്ള നടപടികളുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും അർത്ഥനാധികാരി തന്നെ വഹിക്കേണ്ടതുണ്ട്. ഡെവലപ്പർ തയ്യാറാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിൽ ഈ വിഷയവും പരിഗണിക്കുകയെന്നതാണ് സാധാരണയായി നിലനിൽക്കുന്ന സാഹചര്യമെന്ന് കാണുന്നു.

### 9.1 പുനരധിവാസ – പുനഃസ്ഥാപന ചെലവുകൾ

ഒരു പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന സന്ദർഭങ്ങളിലെല്ലാം വിവിധ സ്വഭാവത്തിലുള്ള നഷ്ടപ്പെടലുകളാണ് ബാധിത സമൂഹത്തിന് ഉണ്ടാകുന്നത്. ഭൂമി നഷ്ടപ്പെടുക, ഭൂമിയും പാർപ്പിടവും ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെടുക, ഭൂമിയും തൊഴിൽ സ്ഥാപനവും നഷ്ടപ്പെടുക, ഭൂമിയൂം വാടകക്ക് നൽകിയിട്ടുള്ള പാർപ്പിട/കച്ചവട ഉപയോഗത്തിലുള്ള കെട്ടിടവും നഷ്ടപ്പെടുക, കൃഷി സ്ഥലം നഷ്ടപ്പെടുക, പൊതുസ്ഥലങ്ങളിൽ നടത്തി വരുന്ന തൊഴിൽ സംരംഭം നഷ്ടപ്പെടുക തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് രണ്ടാം പട്ടികയായി നിയമത്തിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ ഇക്കാര്യത്തിൽ പ്രദാനം ചെയ്ത് കൊണ്ട് സംസ്ഥാന സർക്കാർ ഒരുനയ രൂപീകരണവും നടത്തിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഗുരുതരമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നില്ലായെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. പാർപ്പിട കെട്ടിടങ്ങളുടെ ചുറ്റുമതിലുകളും നാമമാത്രമായ അളവിൽ ഭൂമിയുമാണ് ഏറിയ കൂറും നഷ്ടപ്പെടുന്നത്. സൺഷെയിഡുകൾ ബാധിക്കുന്നത് അനുഭാവപൂർവ്വം പരിഗണിച്ച് പദ്ധതിക്ക് ദോഷമാകുന്ന തരത്തിൽ വരുന്ന ഭാഗം മാത്രം കെട്ടിടത്തിന് ബലക്ഷയം വരാത്ത രീതിയിൽ പൊളിയ്ക്കാനും അതിന് ന്യായമായ നഷ്ടപരിഹാരം നൽകാനും അധികാരികൾക്ക് കഴിയേണ്ടതാണ്. കച്ചവടസ്ഥാപനങ്ങൾ പരിമിതമായ സ്ഥല സൗകര്യത്തോടെ തുടർന്ന് കൊണ്ട് പോകാൻ സാധിക്കുമെന്നുള്ളതിനാൽ ഭൂമിയോടൊപ്പം തന്നെ ബാധിക്കുന്ന ചമയങ്ങൾക്കും ന്യായമായതും സ്വീകാര്യവുമായ നഷ്ടപരിഹാരം നൽകികൊണ്ട് ആഘാതത്തിന് ദൂരികരണം ഉണ്ടാക്കാവുന്നതാണ്. 40% ലേറെ ബാധിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം സാങ്കേതികമായി നിലനിറുത്തി ഉപയോഗിയ്ക്കാൻ സാധ്യതയില്ലായെന്ന് കണ്ടെത്തുന്ന പക്ഷം അവ പൂർണ്ണമായുംഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനോടൊപ്പം തന്നെ വ്യവസ്ഥകൾക്ക് വിധേയമായി പുനരധിവാസ പുന:സ്ഥാപന പാക്കേജ് അനുസരിച്ച് താഴെ വിവരിക്കും പ്രകാരമുള്ള സാമ്പത്തിക ചെലവ് കൂടി പ്രതീക്ഷിക്കാവുന്നതാണ്.

| നഷ്ടത്തിന്റെസ്വഭാവം | ആശ്വാസ നടപടി | അർഹരായകുടുംബങ്ങളുടെ എണ്ണം | ഒരുകുടുംബത്തിന് ലഭിക്കേണ്ട ധനസഹായം (ലക്ഷത്തിൽ) | ആകെ. (ലക്ഷത്തിൽ) |
|---|---|---|---|---|
| പാർപ്പിടകെട്ടിടം നഷ്ടപ്പെടൽ | ധനസഹായം | 2 | 1. വീട് 3.00<br>2. ഉപജീവന ഗ്രാന്റ് 0.60<br>3. സാധനങ്ങൾ മാറ്റുന്നതിുള്ള ചെലവ് 0.50<br>3. പുനരധിവാസ അലവൻസ് 0.50<br>ആകെ **04 60** | **9.20** |

## 9.2 വാർഷിക ബഡ്ജറ്റും പ്രവർത്തന പദ്ധതിയും

ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിനോടൊപ്പം സാമൂഹിക പ്രത്യാഘാത ദൂരീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവും ഡെവലപ്പർ തന്നെയാണ് വഹിക്കേണ്ടി വരുന്നത്. ഇതിലേക്കാവശ്യമായ ഫണ്ട് ലഭ്യമാണെന്നാണ് പഠന സംഘത്തെ അറിയിച്ചിട്ടുള്ളത്.

## 9.3 ഇനം തിരിച്ചുള്ള സാമ്പത്തിക സ്രോതസ്സ്

പൊതുമരാമത്ത് വകുപ്പാണ് പദ്ധതിയ്ക്കാവശ്യമായ ചെലവ് വഹിക്കുന്നത്. ഇതിൽ ഇനം തിരിച്ചുള്ള സാമ്പത്തിക സ്രോതസ്സിന് വലിയ പ്രാധാന്യം ഉള്ളതായി കാണുന്നില്ല. കൂടാതെ ഈ തരത്തിലുള്ള വിവരങ്ങളൊന്നും പഠന സംഘത്തിന് ലഭ്യമാക്കിയിട്ടില്ലായെന്നും കാണേണ്ടി വരുന്നു.

## അദ്ധ്യായം 10

# സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും

ഏറ്റെടുക്കുന്ന ഭൂമിയുടെ ആവശ്യം/ ഉദ്ദേശം, വിസ്തൃതി, സവിശേഷതകൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി, ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കായി അധികാര സ്ഥാനങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. ബാധിത സമൂഹത്തിലുണ്ടാകുന്ന വിവിധതരം ആഘാതങ്ങൾ ദൂരീകരിക്കുന്നതിനുള്ള പ്രധാന ആശ്വാസ നടപടികളായ പുനരധിവാസവും പുനഃസ്ഥാപനവും പ്രാവർത്തികമാക്കുന്നതിന് ഉത്തരവാദികളായ അധികാരസ്ഥാനങ്ങളേയും പരാതി പരിഹാര അതോറിട്ടികളും നിയമത്തിൽ തന്നെ വിവക്ഷിക്കുന്നുണ്ട്.

43–ാം വകുപ്പ് അനുസരിച്ച് നിശ്ചിത പദവിയിലുള്ള ഒരു ഓഫീസറെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതുണ്ട്. കൂടാതെ 44–ാം വകുപ്പ് പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമായിട്ടുള്ള കമ്മീഷണർ എന്ന പദവിയിൽ മറ്റൊരു ഓഫീസറെ കൂടി നിയമിക്കേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത്, ലാൻഡ് റവന്യു കമ്മിഷണറെ പുനരധിവാസ–പുനഃസ്ഥാപന കമ്മീഷണറായും ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറിനെ അതാത് ജില്ലകളുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്ററായും സർക്കാർ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി അധികാരസ്ഥാനങ്ങൾക്കാണ് പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് കുറ്റമറ്റ രീതിയിലും സമയബന്ധിതമായും പ്രാവർത്തികമാക്കേണ്ടതിന്റെ ഉത്തരവാദിത്വം നിയമ പ്രകാരം നൽകിയിട്ടുള്ളത്. ജില്ലാകളക്ടറിനും, പൊന്നുംവില ഓഫീസർക്കും ഇക്കാര്യത്തിൽ ചുമതലകൾ നിർവ്വഹിയ്ക്കാനുണ്ടെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

കൂടാതെ 100 ഏക്കറോ അതിൽ കുടുതലോ ഭൂമി ഏറ്റെടുക്കേണ്ടിവരുന്ന കേസുകളിൽ പുനരധിവാസ–പുനഃസ്ഥാപന നടപടികളുടെ മേൽ നോട്ടത്തിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഒരു കമ്മറ്റി രൂപീകരിക്കേണ്ടതുണ്ടെന്ന് 45–ാം വകുപ്പിൽ അനുശാസിക്കുന്നുണ്ട്. ഇതിന് പുറമേ ദേശിയ, അന്തർ സംസ്ഥാന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമാണെന്ന് തോന്നുന്നപക്ഷം കേന്ദ്ര സർക്കാരിന്, പുനരധിവാസ പുനഃസ്ഥാപന നടപടികൾ അവലോകനം നടത്തുന്നതിനും മേൽ നോട്ടത്തിനുമായി ഒരു ദേശീയ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാമെന്ന് സെക്ഷൻ 48 –ൽ പ്രതിപാദിച്ചിട്ടുണ്ട്. സെക്ഷൻ 50–ലെ വ്യവസ്ഥ പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പ്രത്യേക സ്കീമിന്റെയോ/ പ്ലാനിന്റേയോ നടപ്പിലാക്കൽ അവലോകനം ചെയ്യുന്നതിനും മേൽനോട്ടത്തിനുമായി സംസ്ഥാന മോണിറ്ററിംഗ് കമ്മറ്റിക്ക് സർക്കാർ രൂപം നൽകേണ്ടതുണ്ട്. ഇവയ്ക്കു പുറമേ ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം നൽകൽ, പുനരധിവാസ– പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനു വേണ്ടി, ‘‘ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അതോറിട്ടി’’ എന്നറിയപ്പെടുന്ന ഒന്നോ അതിലധി

കമോ അധികാര കേന്ദ്രങ്ങളെ, വിജ്ഞാപനം മുഖേന രൂപം നൽകാവുന്നതാണെന്ന് സെക്ഷൻ 51–ൽ നിർദ്ദേശിക്കുകയും ചെയ്യുന്നു.

മുകളിൽ വിവരിച്ച സംവിധാനങ്ങൾ പ്രകാരം ബാധിത/ കുടിയിറക്കപ്പെടുന്ന സമൂഹത്തിന്റെ എല്ലാവിധ ആശങ്കകൾക്കും ആഘാതങ്ങൾക്കും പരിഹാര മാർഗ്ഗങ്ങളും അവ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിന് ഒന്നിലധികം അധികാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കാണുന്നു.

### 10.1 നിരീക്ഷണവും, മൂല്യനിർണയവും-പ്രധാന സൂചികകൾ

ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾക്കുള്ള ദൂരീകരണ പ്രവർത്തനങ്ങളായ പുനരധിവാസ പുനഃസ്ഥാപന പാക്കേജ് സമയ ബന്ധിതമായി പ്രാവർത്തികമാക്കേണ്ടതിന്റെ ഉത്തരവാദിത്വം വിവിധ അധികാര സ്ഥാനങ്ങളായ പൊന്നുംവില ആഫീസർ, അഡ്മിനിസ്ട്രേറ്റർ, ജില്ലാകളക്ടർ, കമ്മീഷണർ തുടങ്ങിയവരിൽ നിക്ഷിപ്തമാണ്. തുടർച്ചയായ നിരീക്ഷണ– മൂല്യനിർണയ പ്രക്രിയയിലുടെ ടി അധികാര സ്ഥാനങ്ങളും മുൻ ഖണ്ഡികയിൽ വിവരിച്ച പ്രകാരമുള്ള വിവിധ അതോറിട്ടികളും കൂടി ചേർന്ന് ആശ്വാസ നടപടികൾ കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെടുന്നുണ്ട്.

### 10.2 റിപ്പോർട്ടിംഗ് സംവിധാനവും നിരീക്ഷണ കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കൽ അധികാരി (ലാൻഡ് അക്വിസിഷൻ ഓഫീസർ) ഡെവലപ്പർ (അർത്ഥനാധികാരി) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരാണ് ബാധിത പ്രദേശവും പുനസ്ഥാപന പ്രദേശവുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്നത്. അതിനാൽ ഈ വിഷയത്തിൽ പ്രദേശത്തുണ്ടകുന്ന ചെറിയ ഒരു ചലനം പോലും മനസ്സിലാക്കി ബന്ധപ്പെട്ടവരെ അറിയിയ്ക്കാനുള്ള അവസരം ലഭിക്കുന്നത് ഇവർക്കാണെന്ന് കാണാവുന്നതാണ്. നിരീക്ഷണ കർത്തവ്യങ്ങൾക്കായി വിവിധ അധികാര/അതോറിട്ടി സ്ഥാപനങ്ങൾക്ക് നിയമത്തിൽ ഉത്തരവാദിത്വം നൽകിയിട്ടുള്ളതും അത് സംബന്ധിച്ച് ഈ അദ്ധ്യയത്തിന്റെ ആരംഭത്തിൽ തന്നെ വിവരിച്ചിട്ടുള്ളതുമാണ്.

**അദ്ധ്യായം 11**

## ചെലവുകളുടേയും നേട്ടങ്ങളുടേയും വിശകലനവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ശിപാർശയും

നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്നതു പോലെ പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചും തൽപ്പര കക്ഷികളുമായി സംവദിച്ചും വിവരാധിഷ്ടിത അഭിമുഖങ്ങളിൽ ഏർപ്പെട്ടു കൊണ്ടും ഗുണപരവും പരിമാണപരവുമായ വിവരങ്ങളുടെ ഒരു സജ്ഞയം തന്നെ ശേഖരിച്ചിരുന്നു. ഇവയെ സമഗ്രവും ഉദ്ദേശാധിഷ്ടിതവുമായ രീതി

യിൽ അപഗ്രഥിച്ചാണ് പഠന റിപ്പോർട്ട് തയ്യാറാക്കുന്നത്. മറ്റ് വിഷയങ്ങളോടൊപ്പം തന്നെ പഠന സംഘം ഗൗരവമായി പരിഗണിച്ചിരുന്ന സംഗതികളും നിരീക്ഷണങ്ങളും കൃത്യതയ്ക്കായി താഴെ വിവരിക്കുന്നു.

1. ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ള ഭൂമി പൊതു ആവശ്യം നിറവേറ്റാൻ ഉപയുക്തമാണോ?
2. പൊതു ആവശ്യത്തിനുവേണ്ട ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമിയാണോ ഏറ്റെടുക്കാൻ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്?
3. പദ്ധതിക്കു വേണ്ടി ഇതര സ്ഥലങ്ങൾ പരിഗണിക്കുകയും അവ ഉപയുക്തമല്ലായെന്ന് കണ്ടെത്തുകയും ചെയ്തിരുന്നോ?
4. പദ്ധതി കൊണ്ടുള്ള മൊത്തം നേട്ടങ്ങൾ, സ്ഥാനഭ്രംശം സംഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളേയും ചെലവിനേയും മറികടക്കുന്നുണ്ടോ?
5. ഏതെങ്കിലും പൊതുസ്ഥലമോ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലമോ പദ്ധതിക്ക് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയും അപ്രകാരത്തിലുള്ള ഭൂമി കൈവശത്തിലാണോയെന്ന വസ്തുതയും?

ഈ വിഷയങ്ങളിൽ പഠന സംഘം എത്തി ചേർന്നിരുന്ന നിരീക്ഷണങ്ങളും അഭിപ്രായങ്ങളും മുൻ അദ്ധ്യായങ്ങളിലെ ബന്ധപ്പെട്ട ഭാഗങ്ങളിൽ വിശദമായി തന്നെ വിവരിച്ചിട്ടുണ്ട്. എങ്കിലും അവയുടെ സംഗ്രഹംതാഴെ,ചേർക്കുന്നു.

**ക്രമനമ്പർ 1**

മുടവൻമുഗൾ പ്രദേശത്ത് കരമന നദിയ്ക്ക് കുറുകെ പാലം നിർമ്മിച്ച് ഇരു കരകളിലും എത്തി നിൽക്കുന്ന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുകയെന്നത് പ്രദേശവാസികളുടെ വളരെക്കാലമായിട്ടുള്ള ആവശ്യമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിൽ കടത്ത് തോണിയെ ആശ്രയിച്ചാണ് കാൽനട യാത്രക്കാർ നദി മുറിച്ച് കടക്കുന്നത്. മലമേൽകുന്ന്, എസ്റ്റേറ്റ് ഭാഗങ്ങളിലുള്ളവർക്ക് പൂജപ്പുര വഴി ടൗണിലെ പ്രധാന ഭാഗങ്ങളിൽ എത്തി ചേരാൻ നിലവിൽ പാപ്പനംകോട് വഴി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ട്. അതുപോലെ മുടവൻമുഗൻ, പുന്നയ്ക്കാമുഗൾ, കുന്നപ്പുഴ ഭാഗങ്ങളിലുള്ളവർക്ക് പാപ്പനംകോട്, കരമന ഭാഗങ്ങളിലേക്ക് പോകാനും വളരെ ദൂരം ചുറ്റി സഞ്ചരിക്കേണ്ടി വരുന്നുണ്ട്. പ്രദേശത്തെ വലിയ ഒരു വിഭാഗം ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതിയായതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പൊതു ആവശ്യം നിറവേറ്റുന്നതിന് ഉപയുക്തമാണെന്ന് നിരീക്ഷിക്കേണ്ടിവരുന്നു.

**ക്രമനമ്പർ.2**

ഡെവലപ്പറുമായി സംവദിച്ചതിലും, നിർദ്ദിഷ്ട പദ്ധതി പ്രദേശം പരിശോധിച്ചതിലും പാലത്തിന്റെയും അതിന് അനുസൃതമായ രീതിയിൽ രണ്ട് അഗ്രങ്ങളിലും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും അവശ്യം വേണ്ട ചുരുങ്ങിയ വിസ്തീർണ്ണം ഭൂമിയാണ് ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളതെന്നാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. നിലവിലുള്ള

റോഡുകളുടെ ഇരുവശത്ത് നിന്നും തുല്യമായിട്ടാണ് ഭൂമി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടു ള്ളത്. അതിനാൽ തന്നെ ഗുരുതരമായ ആഘാതങ്ങൾ പദ്ധതി ഉണ്ടാക്കുന്നില്ലായെന്നും നിരീക്ഷിക്കുന്നു ഇപ്രകാരം. പൊതു ആവശ്യത്തിനുവേണ്ട ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമിയാണ് ഏറ്റെടുക്കാൻ ശിപാർശ ചെയ്യപ്പെട്ടിരിക്കുന്നതെന്നും കാണേ ണ്ടി വരുന്നു.

**കമനമ്പർ 3**

ഒരു പദ്ധതിക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിൽ ജനസമൂഹത്തിന് ഏറ്റവും കുറഞ്ഞ ആഘാതം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രദേശം തെരഞ്ഞെടുക്കുകയെ ന്നതാണ് 2013–ലെ ഭൂമിയേറ്റെടുക്കൽ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥയാ യി കാണേണ്ടി വരുന്നത്. ഇതിനുവേണ്ടി വിവിധ സ്ഥലങ്ങൾ/ഭൂവിഭാഗങ്ങൾ പരിഗണി ക്കുകയും, അവയിൽ നിന്ന് പദ്ധതിക്ക് ഏറ്റവും അനുയോജ്യമായതും എന്നാൽ ജന സമൂഹത്തിന് ഏറ്റവും കുറഞ്ഞ അളവിൽ ആഘാതം സൃഷ്ടിക്കുന്നതുമായ മാർഗ്ഗം തെരഞ്ഞെടുക്കേണ്ടതുണ്ട്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ശിപാർശ ചെയ്തിട്ടുള്ള ഭൂവി ഭാഗം തെരഞ്ഞെടുത്തതിൽ ഏറെക്കുറെ ടി സംഗതികൾ പരിഗണിച്ചിട്ടുണ്ടെന്ന് കാണു ന്നു.

പ്രദേശത്ത് കരമന നദിയ്ക്ക് ഇരു കരകളിലും നിലവിൽ റോഡുകൾ എത്തി നിൽക്കുന്നുണ്ട്. അവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പാലം നിർമ്മിക്കാൻ തീരു മാനിച്ചിട്ടുള്ളത്. പാലത്തിന്റെ രണ്ട് അഗ്രങ്ങളിലുമുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള ഭൂമി ഏറ്റെടുക്കലാണ് പ്രധാനമായും ആവശ്യമായി വരുന്നത്. അതുകൊണ്ടു തന്നെ താരതമ്യേന കുറഞ്ഞ സ്ഥാന ഭൃംശം ഉണ്ടാകുന്ന ഇതര മാർഗ്ഗങ്ങളോ / മറ്റു സ്ഥല ങ്ങളോ പരിഗണിക്കുന്നത് യുക്തി സഹമല്ലായെന്നാണ് പഠന സംഘത്തിന് പ്രഥമിക മായി മനസ്സിലാക്കേണ്ടിവന്നത്. എന്നിരുന്നാലും ഉദ്ദേശലക്ഷ്യം പരിഗണിച്ച് കൊണ്ട് തന്നെ സമീപ പ്രദേശങ്ങളിൽ പരിശോധന നടത്തിയതിൽ നിന്നും നിലവിൽ നിശ്ചയി ച്ചിട്ടുള്ള സ്ഥാനം പദ്ധതിയുടെ ഉദ്ദേശം നിറവേറ്റുന്നതിലും സാങ്കേതിക കാരണങ്ങ ളാലും ഏറ്റവും അനുയോജ്യമാണെന്ന അഭിപ്രായത്തിലാണ് പഠന സംഘം എത്തി ചേർന്നിട്ടുള്ളത്.

**ക്രമനമ്പർ 4**

പദ്ധതിയ്ക്ക് വേണ്ടി ശിപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ പ്രദേശത്ത് ഗുരുതരമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നില്ലയെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. 04 –പാർപ്പിട കെട്ടിടങ്ങളേയും രണ്ട് കച്ചവട സ്ഥാപനങ്ങളേയും ഭാഗികമായി ബാധിക്കു ന്നുവെന്നത് ഒഴിച്ച് നിറുത്തിയാൽ യാതൊരു സങ്കീർണ്ണതകളും പദ്ധതി മുഖേന ഉണ്ടാ കാൻ സാധ്യതയില്ല. കൂടാതെ നിർദ്ദിഷ്ട പാല നിർമ്മാണം പ്രദേശവാസികളുടെ ചിര കാല അഭിലാക്ഷമായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഭൂമിയേറ്റെടുക്കലിനെതി രായി പ്രദേശത്ത് കാര്യമായ അക്ഷേപങ്ങളോ എതിർപ്പുകളോ ഉണ്ടാകുന്നതായി പഠന സംഘത്തിന് അനുഭവപ്പെട്ടിട്ടില്ല. നദിയുടെ ഇരുകരകളിലുമുള്ള വലിയ ഒരു സമൂഹ ത്തിന് പദ്ധതിയാൽ ലഭിക്കുന്ന പ്രയോജനങ്ങൾ, ഭൂമിയേറ്റെടുക്കൽ മുഖേന പ്രദേ ശത്ത് ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളേയും ചെലവിനേയും മറി കട ക്കുന്ന തരത്തിലാണെന്നാണ് പഠനസംഘം തിട്ടപ്പെടുത്തിയിട്ടുള്ളത്..

**ക്രമനമ്പർ 5**

അന്വേഷണത്തിൽ പദ്ധതിയ്ക്ക് ഉപയോഗിക്കാൻ തക്ക സ്വഭാവത്തിലുള്ള ഏതെങ്കിലും പൊതു സ്ഥലമോ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലമോ പ്രദേശത്ത് ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താൻ തക്ക രീതിയിലുള്ള ഭൂമിയൊന്നും ഡെവലപ്പറുടെ കൈവശാനുഭവത്തിലില്ലായെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## ***ശിപാർശ/ അഭിപ്രായം***

*ഏറ്റെടുക്കാൻ ശിപാർശ ചെയ്തിരിക്കുന്ന ഭൂമി പദ്ധതി ആവശ്യത്തിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ അളവിലാണെന്നും, കുറഞ്ഞ സ്ഥാനഭ്യംശം ഉണ്ടാകുന്ന തരത്തിൽ ഇതര പ്രദേശം ഉപയോഗിക്കാനുള്ള മാർഗ്ഗമില്ലായെന്നും പഠന സംഘത്തിന് ബോദ്ധ്യപ്പെടുന്നുണ്ട്. കൂടാതെ പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ ഭൂമി ഡെവലപ്പറുടെ കൈവശത്തിൽ ഇല്ലായെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബാധിത വ്യക്തികളേയും അർത്ഥനാധികാരിയേയും സംഘടിപ്പിച്ചു കൊണ്ട് നടത്തുന്ന പൊതു ചർച്ചയിൽ ഉടലെടുക്കുന്ന ആക്ഷേപങ്ങൾ / അഭിപ്രായങ്ങൾ പരിഗണിച്ചു കൊണ്ട് പഠന സംഘത്തിന്റെ ശിപാർശ അന്തിമമാക്കുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.* --------------------------- -------------------------

# വിജ്ഞാപനം

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 10 Vol. X | തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday | 2021 ഒക്ടോബർ 20 20th October 2021 1197 തുലാം 4 4th Thulam 1197 1943 ആശ്വിനം 28 28th Aswina 1943 | നമ്പർ No. 3040

ഫാറം 4
ചട്ടം 11(3) കാണുക

**വിജ്ഞാപനം**

നമ്പർ.കെ.4-230350/19 2021 സെപ്റ്റംബർ 16

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് തിരുവനന്തപുരം താലൂക്കിൽ കരമന നദിയ്ക്ക് കുറുകെയുള്ള മുടവൻമുകൾ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ആക്ട് 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4 -ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് (ഫോൺ നം 947786008, 9495627964, email- classtvpm@gmail.com, website-www.classtvpm.in) എന്ന സ്ഥാപനത്തിന് അനുമതി നൽകിയിരിക്കുന്നു. ടി പ്രവൃത്തി 45 ദിവസത്തെ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

## പട്ടിക

*ജില്ല*— തിരുവനന്തപുരം. *താലൂക്ക്*— തിരുവനന്തപുരം.

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | റീ സർവ്വെ നമ്പർ | വിവരണം | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | തിരുമല | ടൗൺ സർവ്വേ ബ്ലോക്ക് 170(ഭാഗം) | -- | പുരയിടം | 0.2832 |
| 2 | തിരുമല | ടൗൺ സർവ്വേ ബ്ലോക്ക് 171(ഭാഗം) | -- | പുരയിടം | |
| 3 | നേമം | 26 | 618 (ഭാഗം) | പുരയിടം | |
| ആകെ | | | | | 0.2832 |

(ഒപ്പ്)
ജില്ലാ കളക്ടർ,
*തിരുവനന്തപുരം.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.20 06:44:35 +05:30

# ബാധിക്കപ്പെടുന്ന ഭൂവുടമകളുടെയും ആസ്തികളുടെയും വിവരങ്ങൾ

വില്ലേജ്: തിരുമല ബ്ലോക്ക് നമ്പർ: 170,171

| ക്രമ നമ്പർ | ഭൂവുടമയുടെ പേരും, മേൽവിലാസവും | സർവെ നമ്പർ | തണ്ടപ്പേർ നമ്പർ | ബാധിക്കപ്പെടുന്ന ആസ്തികൾ |
|---|---|---|---|---|
| 1 | സുനിതാ കേശവ് ദേവ് സൗത്ത് റോഡ്, മുടവൻമുഗൾ. | 110 | 18101 | ചുറ്റുമതിൽ, വീടിന്റെ സൺഷെയിഡ് (ഭാഗികം) |
| 2 | ശുഭ.ജി. ആർ. സന്തോഷ് ഭവൻ സൗത്ത്റോഡ്, മുടവൻമുഗൾ. | 111 | 18102 | ചുറ്റുമതിൽ (ഭാഗികം) |
| 3 | 1)ശശിലേഖ.ആർ, 2)ഉഷ 3)രമേഷ്, ഉഷാഭവൻ, സൗത്ത്റോഡ്, മുടവൻമുഗൾ. | 114 | 18105 | വീട്,കടയുടെ ഷീറ്റിട്ട ഭാഗം, (ഭാഗികം) |
| 4 | 1)ഷാജ് കുമാർ.ജി. എസ്സ് ശിവദം, സൗത്ത്റോഡ്, മുടവൻമുഗൾ, | 115 | 23876 | ചുറ്റുമതിൽ, കാർഷെഡ് (ഭാഗികം) |
| 5 | 1)ബൈജു.വി.നമ്പൂതിരി 2) വിനീത, മൈവാടിഇല്ലം,സൗത്ത്റോഡ്, മുടവൻമുഗൾ. | 138 | 18125 | ചുറ്റുമതിൽ (ഭാഗികം) |
| 6 | ബീജു,സി, ഗീത, കോണത്ത് കടയിൽ വീട്, മുടവൻമുഗൾ. | 139 | 18126 | ചുറ്റുമതിൽ,വീട് (ഭാഗികം) |
| 7 | എം.രാജേഷ്കുമാർ സരസാലയം സൗത്ത്റോഡ്, മുടവൻമുഗൾ | 140 | 24800 | വീട് (ഭാഗികം) |
| 8 | മിനി.ജി.പി. പത്മവിലാസം,19/573, സൗത്ത്റോഡ് , മുടവൻമുഗൾ, പൂജപ്പുര | 141 | 18128 | ചുറ്റുമതിൽ,ശുചിമുറി (ഭാഗികം) |

| | | | | |
|---|---|---|---|---|
| 9 | സൗമ്യ.ബി.ജി. നന്ദനം, സൗത്ത്റോഡ് , മുടവൻമുഗൾ. | 142 | 18129 | ചുറ്റുമതിൽ, (ഭാഗികം) , സെപ്റ്റിക് ടാങ്ക് |
| 10 | ലത.കെ.എൻ. ആറ്റിൻകര പുത്തൻവീട്, സൗത്ത്റോഡ് , മുടവൻമുഗൾ. | 169 | 23669 | ചുറ്റുമതിൽ (ഭാഗികം) |
| 11 | കല.കെ.എൻ. അനിഴം റ്റി. സി.19/574(1) സൗത്ത്റോഡ് , മുടവൻമുഗൾ, | 168 | 18153 | ചുറ്റുമതിൽ കോണിപ്പടി (ഭാഗികം) സെപ്റ്റിക്ടാങ്ക് |
| 12 | പ്രദീപ് കുമാർ ഗോകുലം സൗത്ത്റോഡ് മുടവൻമുഗൾ, | 167 | 18152 | ചുറ്റുമതിൽ, (ഭാഗികം) സെപ്റ്റിക് ടാങ്ക് |
| 13 | ഗീത റ്റി.സി.19/575, സൗത്തറോഡ് മുടവൻമുഗൾ. | 148 | 18134 | ചുറ്റുമതിൽ, ബാത്ത്റൂം, സൺഷെയിഡ് (ഭാഗികം) |
| 14 | നാഗമ്മ.കെ , കൃഷ്ണവിലാസം, സൗത്ത്റോഡ് , മുടവൻമുഗൾ. | 145 | 18131 | ചുറ്റുമതിൽ, ഷീറ്റിട്ട അടുക്കള (ഭാഗികം) |
| 15 | ജി.തമ്പി, വൈഷ്ണവം, റ്റി.സി.19/607(10), സൗത്ത്റോഡ് മുടവൻമുഗൾ. | 144 | 34156 | സിമന്റ് കട (ഭാഗികം) |
| 16 | രാധാകൃഷ്ണൻ നായർ.ജി സരസ്വതി ഭവൻ സൗത്ത്റോഡ് മുടവൻമുഗൾ | 33 | 18031 | ചുറ്റുമതിൽ (ഭാഗികം) |
| 17 | ശ്രീകുമാരൻ നായർ, റ്റിസി 19/677, സുകുമാര ഭവൻ, മുടവൻമു ഗൾ, പൂജപ്പുര. | 20 | 18021 | ചുറ്റുമതിൽ (ഭാഗികം) |
| 18 | കോർപ്പറേഷൻ വക പാർക്ക് | – | – | ചുറ്റുമതിൽ, മേൽക്കൂര(ഭാഗികം) |
| 19 | ശ്യാമള.എം. റ്റി.സി.19/680, സൗത്ത്റോഡ് , മുടവൻമുഗൾ, | 67 | | ഷീറ്റിട്ട വീട് (ഭാഗികം) |

| വില്ലേജ് നേമം | | | | ബ്ലോക്ക് നമ്പർ 26 |
|---|---|---|---|---|
| 20 | കമ്മിഷണർ, ദേവസ്വം ബോർഡ് | 618/1,3,5 | 48328 | ചുറ്റ്മതിൽ (ഭാഗികം) |
| 21 | പത്മകുമാർ, റ്റി. സി.36/820, പവി ത്രം, പെരുന്താന്നി, വള്ളകടവ് | 618/2 | 48340 | ചുറ്റ്മതിൽ, (ഭാഗികം) |
| 22 | അഡ്വ. സുരേഷ് ബാബു.എസ്,റ്റി. സി. 19/2056, ചൈതന്യ, മുട വൻമുഗൾ. | 618/2–4 | 35959 | ചുറ്റ്മതിൽ (ഭാഗികം) |
| 23 | രത്നാകരൻ രാഹുൽ നിവാസ് സിസിലി പുരം ബാലരാമപുരം. | 618/2 | 6964 | ഇല്ല. |

GOVERNMENT OF KERALA

Abstract

REVENUE DEPARTMENT—REHABILITATION AND RESETTLEMENT PACKAGE FOR ACQUISITION OF LAND IN THE STATE IN LIEU OF THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013—APPROVED—ORDERS ISSUED

REVENUE (B) DEPARTMENT

G.O. (Ms.) No. 448/2017/RD.

*Dated, Thiruvananthapuram, 29th December, 2017.*

*Read*:— 1. G. O. (Ms.) No. 419/11/RD, dated 15-11-2011.

2. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

3. Minutes of the meeting convened by ACS (Revenue) on 29-5-2017.

ORDER

Land acquisition for public purpose in the State is done by invoking the provisions contained in the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013, National Highways Act, 1956 and by Direct/Negotiated purchase. In view of the introduction of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 the necessity for a clear and transparent policy for rehabilitation and resettlement was felt.

The meeting convened by Additional Chief Secretary (Revenue) on 29-5-2017 inviting Finance Secretary, Law Secretary, Secretary PWD, Transport Secretary, Commissioner, Land Revenue and District Collector,

GCPT. 3/4663/2017/S-15.

Thiruvananthapuram discussed the various issues related to the formulation of State Policy on Rehabilitation and Resettlement in lieu of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

The Committee observed that the State of Kerala is facing several problems with regard to Land Acquisition. Stiff resistance from all corners are being faced by the Land Acquisition Officers (LAO). The Committee viewed that organized resistance from petty traders, shop owners are faced during this entire process. Owing to the experience gained over a past couple of years, the Committee decided to slightly deviate from those provided under the 2nd schedule of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 and give more compensation to the affected parties considering the prevailing conditions existing in the State. On serious and deliberate discussions the Committee unanimously came to the conclusion for providing more assistance rather than included in the 2nd schedule of Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

Government have examined the matter in detail and are pleased to approve a comprehensive Rehabilitation and Resettlement Policy as appended to this order for land acquisition in the State slightly deviating from those provided under the 2nd schedule of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 and give more compensation to the affected parties considering the prevailing conditions existing in the State. This Rehabilitation and Resettlement Policy will be applicable to all land acquisition cases in the State, ie., by invoking the provisions contained in the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013, National Highways Act, 1956 and by Direct/Negotiated purchase. This Rehabilitation and Resettlement Policy will have effect from the date of this order where the land acquisition award has not been passed.

By order of the Governor,

P. H. Kurian,

*Additional Chief Secretary.*

To

The Commissioner of Land Revenue, Thiruvananthapuram.

All District Collectors.

The Public Works/Water Resources/Industries/Power/Transport/ Local Self Government/IT Departments.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram.

The Finance Department (Vide UO No. 514877/Exp-A1/267/201 dated 20-7-2017).

General Administartion (SC) Department (Vide Item No. 1784 dated 26-12-2017).

Information and Public Relations Department.

Stock File/Office Copy.

*Copy to :*

PS to Chief Minister.

PS to Minister (Revenue).

AS to Chief Secretary.

PA to ACS (Rev and DM).

CA to Principal Secretary (Finance).

CA to Principal Secretary (PWD/Transport).

CA to Additional Secretary (Revenue/LA).

APPENDIX

| Sl. No. | *State Policy on Rehabilitation and Resettlement* |
|---|---|
| (1) | (2) |
| 1 | **Provision of housing units in case of displacement:**<br>1. If a house is lost in rural areas, a constructed house shall be provided as per the Indira Awas Yojana specifications. If a house is lost in urban areas, a constructed house shall be provided, which will be not less than 50 Sq. mts. in plinth area.<br>2. The benefits listed above shall also be extended to any affected family which is without homestead land and which has been residing in the area continuously for a period of not less than three years preceding the date of notification of the affected area and which has been involuntarily displaced from such area:<br>Provided that any such family in urban/rural areas which opts not to take the house offered, shall get a one-time financial assistance for house construction, which shall not be less than ₹ 3,00,000 (Rupees Three lakhs only) irrespective of their annual financial income. |
| 2 | **Land for Land**<br>In the case of irrigation project, affected family owing agricultural land in the affected area and whose land has been acquired or lost, or who has, as consequence of the acquisition or loss of land, been reduced to the status of a marginal farmer or landless, shall be allotted, in the name of each person included in the records of rights with regard to the affected family, a minimum of one acre of land in the command area of the project for which the land is acquired:<br>Provided that in every project those persons losing land and belonging to the Scheduled Castes or Scheduled Tribes will be provided land equivalent to land acquired or two and a one half acres, whichever is lower. |

| (1) | (2) |
|---|---|
| 3 | **Offer for developed Land**<br>In case the land is acquired for urbanization purposes, twenty per cent of the developed land will be reserved and offered to land owing project affected families, in proportion to the area of their land acquired and at a price equal to the cost of acquisition and the cost of development:<br>Provided that in cases the land owing project affected family wishes to avail of this offer, an equivalent amount will be deducted from the land acquisition compensation package payable to it. |
| 4 | **Choice of Annuity or Employment**<br>The appropriate Government shall ensure that the affected families are provided with the following options:<br>(a) Where jobs are created through the project, after providing suitable training and skill development in the required field, make provision for employment at a rate not lower than the minimum wages provided for in any other law for the time being in force, to at least one member per affected family in the project or arrange for a job in such other project as may be required; or<br>(b) One-time payment of five lakhs rupees per affected family; or<br>(c) Annuity policies that shall pay not less than three thousand rupees per month per family for twenty years, with appropriate indexation to the Consumer Price Index for agricultural Labourers. |
| 5 | **Subsistence grant for displaced families for a period of one year**<br>Each affected family which is displaced from the land acquired shall be given a monthly subsistence allowance equivalent to five thousand rupees per month for a period of one year from the date of award. |

| (1) | (2) |
|---|---|
| | In addition to this amount, the Scheduled Castes and the Scheduled Tribes displaced from Scheduled Areas shall be relocated in a similar ecological zone, so as to preserve the economic opportunities, language, culture and community life of the tribal communities. |
| 6 | **Transportation cost for displaced families** |
| | Each affected family which is placed shall get a one-time financial assistance of fifty thousand rupees as transportation cost for shifting of the family, building, materials, belongings and cattle. |
| 7 | **Cattle Shed/Petty Shops cost** |
| | Each affected family having cattle or having a petty shop shall get one-time financial assistance subject to a minimum of twenty five thousand rupees and maximum of ₹ 50,000 (Fifty thousand rupees) for construction of cattle shed or petty shop as the case may be. |
| 8 | **One-time grant to artisan, small traders and certain others** |
| | Each affected family of an artisan, small trader or self employed person or an affected family which owned non agricultural land or commercial, industrial or institutional structure in the affected area, and which has been involuntarily displaced from the affected area due to land acquisition, shall get one-time financial assistance of fifty thousand rupees. |
| 9 | **Fishing Rights** |
| | In cases of irrigation or hydel projects, the affected families may be allowed fishing rights in the reservoirs. |
| 10 | **One-time Resettlement Allowance** |
| | Each affected family shall be given a one-time "Resettlement Allowance" of fifty thousand rupees only. |

| (1) | (2) |
|---|---|
| 11 | **Commercial Tenants**<br>One time assistance of ₹ 2,00,000 (Rupees Two lakhs only) to meet all shifting charges and social costs. Provided, such assistance would not be provided to companies, banks, financial institutions and large shops having a carpet area of more than 2000 sq. ft. |
| 12 | **Employees working in commercial establishments**<br>₹ 6,000 (Rupees Six thousand only) per month for 6 months for loss of livelihood for the employees working in the said commercial establishment for 3 years prior to acquisition. |
| 13 | **Residential family Tenants**<br>They will provided a one-time shifting allowance of ₹ 30,000 ( Rupees thirty thousand only). |
| 14 | **Encroachers who live or run their business on puramboke Land**<br>Encroachers who live or run their business on puramboke land for a minimum period of 3 years preceding the date of 4 (1) notification of Right to Fair Compensation and transparency in Land Acquisition, Rehabilitation and Resettlement Act, 2013 or date of Preliminary Notification of the concerned Act as the case may be:<br>1. ₹ 5,000 per month (Rupees Five thousand only) for 6 months.<br>2. Value of Structure/improvements on land valued as per The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act. |
| 15 | **Place of worship**<br>In addition to land and structural value, shifting charge of actual expenditure subject to a maximum of ₹ 1,00,000 (Rupees One lakh only) wherever necessary. |

# SOCIAL IMPACT ASSESSMENT STUDY



# Construction of Bridge across Karamana River at Mudavanmughal.

## DRAFT REPORT


By

Centre For Land And Social Studies,
Pangode,Thirumala PO,
Thiruvananthapuram.